I ഇ.ബി. XII-കേരള നിയമസഭ /V-6

**പന്ത്രണ്ടാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നിയമസഭാ നടപടികൾ – സംഗ്രഹം**
**(ചോദ്യോത്തരങ്ങൾ ഒഴികെ)**

2007 ജൂൺ 28, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## അടിയന്തിരപ്രമേയം

കർഷക കടാശ്വാസ കമ്മിഷൻ സുഗമമായി പ്രവർത്തിക്കാത്തതുമൂലം ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ

മി. സ്പീക്കർ: കർഷക കടാശ്വാസ കമ്മിഷന്റെ സുഗമമായ പ്രവർത്തനം നടക്കാത്തതുമൂലം കർഷകർ അനുഭവിക്കേണ്ടിവന്നിരിക്കുന്ന യാതനമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സംബന്ധിച്ച് സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ സി.എഫ്. തോമസ്, കെ.സി. ജോസഫ്, സി.ടി.അഹമ്മദ് അലി, കെ.കെ. ഷാജു, കെ.ബി. ഗണേഷ് കുമാർ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കർഷകരെ സഹായിക്കുന്നതിനുവേണ്ടി നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നടന്ന കർഷക ആത്മഹത്യകളെ സംബന്ധിച്ച് കൃത്യമായ കണക്കുകൾ

ശേഖരിക്കേണ്ടിവന്നതുകൊണ്ടാണ് കമ്മിഷന്റെ പ്രവർത്തനത്തിൽ കാലതാമസമുണ്ടായിട്ടുള്ളത്. 2006 ഏപ്രിൽ 9-ന് കർഷക കടാശ്വാസ കമ്മിഷൻ രൂപീകരിച്ചതിന്റെ പിറ്റേ ദിവസംതന്നെ കൃഷി വകുപ്പ് ഡയറക്ടറെ താൽക്കാലികമായി കമ്മിഷന്റെ സെക്രട്ടറിയായി നിയമിക്കുകയുണ്ടായി. കൂടാതെ കൃഷി ഡയറക്ടറേറ്റിൽ നിന്നും അഞ്ച് ജീവനക്കാരെ കമ്മിഷനിലേയ്ക്ക് നിയോഗിച്ചുകൊണ്ട് ഉത്തരവിറക്കുകയും ചെയ്തു. ഇപ്പോൾ ക്യാബിനറ്റിന്റെ അപ്രൂവലോടുകൂടി .14 പോസ്റ്റുകൾ ക്രിയേറ്റ് ചെയ്യുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുകയും കമ്മിഷന്റെ പ്രവർത്തനത്തിനായി 25 ലക്ഷം രൂപ നീക്കിവയ്ക്കുകയും ചെയ്തിട്ടുണ്ട്. ഫൈനാൻസ് ഓഫീസറെ നിയമിക്കാൻ ഉത്തരവിറക്കിയിട്ടുണ്ട്. കമ്മിഷന് എന്തെങ്കിലും പരാതിയുണ്ടെങ്കിൽ അതു ചർച്ച ചെയ്ത് പരിഹരിക്കാൻ ഗവൺമെന്റ് സന്നദ്ധമാണ്.

<u>ശ്രീ. സി.എഫ്. തോമസ്</u>: കർഷക കടാശ്വാസ കമ്മിഷൻ ചെയർമാൻ ജസ്റ്റീസ് അബ്ദുൽ ഖഫൂർ നടത്തിയ പത്രസമ്മേളനം ഗവൺമെന്റിന് അസഹിഷ്ണുത ഉളവാക്കുന്നതാണ്. ആത്മഹത്യകളെ സംബന്ധിച്ചുള്ള കൃത്യമായ കണക്കുകൾ ലഭിക്കാൻ കാലതാമസം വന്നതുകൊണ്ടാണ് ആലപ്പുഴ ജില്ലയെ ആദ്യം ഉൾപ്പെടുത്താൻ കഴിയാതിരുന്നത്. കർഷക കടാശ്വാസ കമ്മിഷന്റെ പ്രവർത്തനം കേരളത്തിലെ കർഷകർക്ക് ഗുണകരമായിരിക്കുകയില്ല എന്ന അഭിപ്രായമാണ് ഞങ്ങൾക്കുള്ളത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് 150-ഓളം കർഷകർ കടബാദ്ധ്യതമൂലം ആത്മഹത്യചെയ്തിട്ടുണ്ട്. റിപ്പോർട്ട് കൃത്യസമയത്ത് നൽകാതിരുന്നതുമൂലം വയനാട്ടിലേയും ഇടുക്കിയിലേയും

കർഷകർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ കഴിഞ്ഞിട്ടില്ല. കർഷക കടാശ്വാസത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 56 കോടി രൂപയ്ക്കുപുറമേ 100 കോടി രൂപകൂടി അധികമായി വകയിരുത്തുമെന്ന ധനകാര്യ വകുപ്പുമന്ത്രിയുടെ പ്രഖ്യാപനം കമ്മിഷന്റെ പ്രവർത്തനങ്ങളെ ബോധപൂർവ്വം തടസ്സപ്പെടുത്താനും ഫണ്ട് ലഭ്യമാക്കാതിരിക്കുന്നതിനും വേണ്ടിയുള്ള ഗവൺമെന്റിന്റെ വഞ്ചനാപരമായ നീക്കത്തെയാണ് സൂചിപ്പിക്കുന്നത്. എല്ലാ കുറ്റങ്ങളും ഉദ്യോഗസ്ഥരുടെ മേൽ അടിച്ചേല്പിക്കുന്ന പ്രവണത അവസാനിപ്പിക്കണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): വയനാട്, ഇടുക്കി ജില്ലകളെ സംബന്ധിച്ച റിപ്പോർട്ട് കൃത്യസമയത്ത് സമർപ്പിച്ചിട്ടുണ്ട്. കർഷക കടാശ്വാസ കമ്മിഷന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കേണ്ടത് കേരളാ ഗവൺമെന്റാണ്. ഈ ഗവൺമെന്റിന്റെ സമയോചിതമായ പ്രവർത്തനങ്ങൾകൊണ്ടാണ് രേഖകളെല്ലാം കൃത്യസമയത്ത് നൽകാൻ സാധിച്ചത്. മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ആത്മഹത്യകളുടെ നിരക്ക് കേരളത്തിൽ വളരെ കുറവാണ്. കർഷകരുടെ അപേക്ഷകളിന്മേൽ പരിഹാരം കാണുന്നതിനുള്ള നടപടികളുമായി ഗവണ്മെന്റ് മുന്നോട്ടുപോവുകയാണ്. അതുകൊണ്ട് സഭാനടപടികൾ നിർത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): കർഷക കടാശ്വാസ നിയമം കൊണ്ടുവരാൻ ഈ ഗവൺമെന്റ് കാണിച്ച ആവേശം തുടർനടപടികളിൽ

കാണാൻ കഴിഞ്ഞിട്ടില്ലെന്ന ആക്ഷേപമാണുള്ളത്. കർഷകർക്ക് അടിയന്തിര മായി ആശ്വാസം എത്തിക്കണമെന്നതിനോട് യോജിപ്പുള്ളതുകൊണ്ടാണ് ഡിസംബർ മാസത്തിൽത്തന്നെ ഈ ബിൽ പാസ്സാക്കുന്നതിന് പ്രതിപക്ഷം സഹകരിച്ചത്. കർഷക കടാശ്വാസ കമ്മീഷൻ ഓഫീസിൽ ആവശ്യമായ സ്റ്റാഫിനെ നിയമിക്കാത്തതുമൂലം കർഷകർ സമർപ്പിച്ച ലക്ഷക്കണക്കിന് അപേക്ഷകൾ തീർപ്പുകൽപ്പിക്കാതെ കെട്ടിക്കിടക്കുകയാണ്. കമ്മീഷന്റെ നടത്തിപ്പിനായി അനുവദിച്ച 25 ലക്ഷം രൂപ വിനിയോഗിക്കാൻ കഴിഞ്ഞിട്ടി ല്ലെന്ന കാര്യം പരിശോധിക്കണം. കർഷകാശ്വാസ നടപടികൾ അടിയന്തിര മായി കൈക്കൊള്ളാൻ നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): കർഷക കടാശ്വാസ കമ്മീഷൻ അംഗങ്ങളും ചെയർമാനും കൃഷി വകുപ്പുമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയും നടത്തിയ ചർച്ചയിൽ കമ്മീഷൻ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നതിനായി സ്ഥിരം സംവിധാനമുണ്ടാകുന്നതുവരെ പകരം സംവിധാനമെന്ന നിലയിൽ കൃഷി വകുപ്പ് ഡയറക്ടറേറ്റിൽനിന്ന് 5 പേരെ നിയമിക്കാൻ തീരുമാനിക്കുകയും 4 പേർ കഴിഞ്ഞ 27 ദിവസമായി അവിടെ ജോലി ചെയ്ത് വരികയുമാണ്. ജനാധിപത്യ സംവിധാനത്തിലുള്ള ഈ കമ്മീഷനിലെ ചെയർമാനും അംഗങ്ങളും കർഷകരോട് പ്രതിബദ്ധതയുള്ള സമുന്നത നേതാക്കൾ തന്നെയാണ്. അവർ തമ്മിൽ അഭിപ്രായവ്യത്യാസമൊ ന്നുമില്ല.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): പ്രതിപക്ഷത്തിന്റെ ഉൽകണ്ഠ അർഹിക്കുന്ന ഗൗരവത്തിൽ എടുക്കുന്നതാണ്. കമ്മിഷന്റെ പ്രവർത്തനത്തിന് അനുവദിച്ച തുക കിട്ടുന്നതിലെ കാലതാമസത്തെക്കുറിച്ച്

അന്വേഷിച്ച് ഉത്തരവാദപ്പെട്ടവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം കർഷക ആത്മഹത്യ കുറഞ്ഞുവരുന്നുവെന്നുള്ള സത്യം നിഷേധിക്കാനാവില്ല. കർഷകർക്ക് ആശ്വാസം നൽകുന്ന കാര്യത്തിൽ എന്തെങ്കിലും വീഴ്ചയുണ്ടായിട്ടുണ്ടെങ്കിൽ ചെയർമാനും അംഗങ്ങളുമായി ചർച്ച ചെയ്ത് എത്രയും വേഗം പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ ഉമ്മൻചാണ്ടി: കുറവുകൾ പരിഹരിച്ച് കർഷക കടാശ്വാസ കമ്മിഷന്റെ പ്രയോജനം കർഷകർക്ക് എത്രയുംവേഗം ലഭ്യമാക്കുമെന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വാക്കുകൾ മുഖവിലയ്ക്കെടുക്കുകയാണ്. ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങൾക്ക് ഐക്യ ജനാധിപത്യമുന്നണി ഗവണ്മെന്റ് 50,000 രൂപ വീതം ധനസഹായം അനുവദിച്ചിരുന്നുവെന്ന സത്യം രേഖകൾ വ്യക്തമാക്കുന്നുണ്ട്.

**ശ്രദ്ധ ക്ഷണിക്കൽ**

(1) നിലമ്പൂരിലെ കർഷകർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. ആര്യാടൻ മുഹമ്മദ്: നിലമ്പൂർ നിയോജകമണ്ഡലത്തിലെ 11 പഞ്ചായത്തുകളിൽ ഈയിടെയുണ്ടായ ചുഴലിക്കാറ്റിന്റെ ഫലമായി കോടിക്കണക്കിന് രൂപയുടെ കാർഷികോൽപ്പന്നങ്ങൾ നശിക്കുകയുണ്ടായി. ബഹുമാനപ്പെട്ട മന്ത്രിമാരും പ്രതിപക്ഷ നേതാവും ഈ സ്ഥലം സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തിയതാണ്. 1758 വീടുകൾ ഭാഗികമായും 51 വീടുകൾ പൂർണ്ണമായും നഷ്ടപ്പെട്ടുവെന്ന സർക്കാർ കണക്ക് തെറ്റാണ്. ആയിരം വീടുകളെങ്കിലും പൂർണ്ണമായും തകർന്നിട്ടുണ്ട്. സുനാമി ബാധിത

സമയത്ത് നോംസ് നോക്കാതെ നഷ്ടപരിഹാരം കൊടുത്തതുപോലെ ഇവിടെയും നഷ്ടപരിഹാരം കൊടുക്കണം. കേന്ദ്രഗവൺമെന്റിന്റെ ധനസഹായത്തിന് കാത്തുനിൽക്കാതെ സംസ്ഥാന സർക്കാർ ഇതിന് പ്രത്യേകമായി ഒരു പാക്കേജ് തയ്യാറാക്കി അടിയന്തിര ധനസഹായം നൽകണം. ഏപ്രിൽ 13-ന് ഉണ്ടായ ചുഴലിക്കാറ്റിനോടനുബന്ധിച്ചുള്ള ഇടിമിന്നലിൽ കാളികാവിൽ മരിച്ച നിഷാന്തിന്റെ കുടുംബത്തിന് 15,000 രൂപയാണ് ധനസഹായമായി നൽകിയത്; അത് 50,000 രൂപയാക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): ഇക്കഴിഞ്ഞ ഏപ്രിൽ 13, 14, 15 തീയതികളിൽ മലപ്പുറം ജില്ലയിലുണ്ടായ ചുഴലിക്കാറ്റുമൂലം നാശനഷ്ടം സംഭവിച്ച സ്ഥലം ബന്ധപ്പെട്ട മന്ത്രിമാരും പ്രതിപക്ഷനേതാവും സന്ദർശിക്കുകയും എല്ലാ രാഷ്ട്രീയ പാർട്ടി നേതാക്കളും ജനപ്രതിനിധികളുമായി നിലമ്പൂരിൽ വച്ചും പിന്നീട് ജില്ലാതല ഉദ്യോഗസ്ഥരുമായി മലപ്പുറം കളക്ടറേറ്റിൽ വച്ചും ചർച്ച നടത്തുകയും 21 കോടി 93 ലക്ഷം രൂപയുടെ നാശനഷ്ടം കണക്കാക്കുകയും ചെയ്തിരുന്നു. കൂടാതെ ഇലക്ട്രിസിറ്റി ബോർഡിന് ട്രാൻസ്ഫോർമറുകൾക്ക് തകരാറ് സംഭവിച്ചതുൾപ്പെടെ വലിയ നഷ്ടമുണ്ടായിട്ടുണ്ട്. കൃഷിനാശം സംഭവിച്ചവർക്ക് ധനസഹായം നൽകുന്നതിന് കണക്കനുസരിച്ച് 2,34,66,000 രൂപ ആവശ്യമായി വരികയും 1,81,000 രൂപ ഉടൻ കൊടുക്കുകയും ചെയ്തിട്ടുണ്ട്. കണക്കനുസരിച്ച് ഭവനനഷ്ടം സംഭവിച്ചവർക്ക് കൊടുക്കേണ്ട 68 ലക്ഷം രൂപയിൽ 55 ലക്ഷം രൂപ കൊടുത്തിട്ടുണ്ട്. മലപ്പുറത്തെ 19 വില്ലേജുകൾ ഉൾപ്പെടുത്തി നാൽപ്പതു

വില്ലേജുകൾക്കായി പ്രത്യേക ഫണ്ട് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. കൃഷിക്കാരെ പുനർക്കൃഷിക്ക് പ്രോൽസാഹിപ്പിക്കുന്നതുൾപ്പെടെയുള്ള പ്രത്യേക പാക്കേജിന് മലപ്പുറം ജില്ലാ കളക്ടർ രൂപം നൽകി സർക്കാരിന് സമർപ്പിക്കുന്നതാണ്. ജൂൺ 8-ാം തീയതി റവന്യൂ വകുപ്പുമന്ത്രി കേന്ദ്ര ഉദ്യോഗസ്ഥരുമായി ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ഗവൺമെന്റിന് വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുന്നതാണ്. കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ച ചുഴലിക്കാറ്റ് ദുരന്ത സംസ്ഥാനങ്ങളിൽ കേരളവും ഉൾപ്പെടുന്നുണ്ട്. കേന്ദ്ര ദുരന്ത നിവാരണ അതോറിറ്റി അംഗം ശശിധര റെഡ്ഡി ജൂലൈ മാസം പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ കേരളം സന്ദർശിക്കുന്ന അവസരത്തിൽ ബന്ധപ്പെട്ട മന്ത്രിമാരും പ്രതിപക്ഷനേതാവുമായി ചർച്ച നടത്തി വിശദമായ റിപ്പോർട്ട് സമർപ്പിക്കാവുന്നതാണ്. ചുഴലിക്കാറ്റിനിടയ്ക്കുണ്ടായ ഇടിമിന്നലേറ്റ് മരിച്ച നിഷാന്തിന്റെ കുടുംബത്തിന് നൽകിയ ധനസഹായത്തിന്റെ കാര്യം ഇന്നു തന്നെ പരിശോധിച്ച് വേണ്ടത് ചെയ്യുന്നതാണ്. റബ്ബർ കൃഷിയുടെ നാശനഷ്ടങ്ങളെ സംബന്ധിച്ച് സർക്കാരിന് ലഭിച്ച കണക്ക് പരിശോധിച്ച് കറക്ട് ചെയ്യുന്നതാണ്.

(2) <u>മൽസ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കുമായി ഒരു പാക്കേജ് നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത</u>

<u>ശ്രീ. വി. സുരേന്ദ്രൻ പിള്ള</u>: സംസ്ഥാനത്ത് 590 കിലോമീറ്ററോളം ദൈർഘ്യമുള്ള തീരപ്രദേശത്തെ 222 മത്സ്യഗ്രാമങ്ങളിലായി മത്സ്യത്തൊഴിലാളികളും അനുബന്ധത്തൊഴിലാളികളുമായി 12 ലക്ഷത്തിൽപ്പരം ആളുകളുണ്ട്.. ഇവർക്ക് കയറിക്കിടക്കാൻ ഒരു

ചെറ്റക്കുടിൽപോലുമില്ല. പ്രകൃതിക്ഷോഭംമൂലം കൃഷിനാശവും ഭവന നഷ്ടവുമുണ്ടാകുമ്പോൾ മറ്റെല്ലാ മേഖലയിലും ധനസഹായവും പാക്കേജുകളുമുള്ളപ്പോൾ മത്സ്യ മേഖലയിൽ ഒരു പ്രത്യേക പാക്കേജില്ല. മത്സ്യത്തൊഴിലാളികൾക്ക് മാത്രമായി സർക്കാർ ഒരു പ്രത്യേക പാക്കേജുണ്ടാക്കണം. വള്ളവും വലയും നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകി അവർക്ക് സാമൂഹ്യനീതി ഉറപ്പാക്കണം. ഈ മേഖലയിലെ വിദ്യാലയങ്ങളിലെ സൗകര്യങ്ങളും ഇൻഫ്രാസ്ട്രക്ചർ ഫെസിലിറ്റീസും മെച്ചപ്പെടുത്തണം. വലിയതുറ ഫിഷറീസ് ഹൈസ്കൂൾ തകർന്നുപോകാതെ സംരക്ഷിക്കണം. തീരപ്രദേശത്തെ ആശുപത്രികളിൽ ആവശ്യമായ ഡോക്ടർമാർ, നഴ്സുമാർ, മറ്റ് പാരാ മെഡിക്കൽ ജീവനക്കാരുൾപ്പെടെയുള്ളവരെ നിയമിക്കുകയും മരുന്നില്ലാത്ത ആശുപത്രികളിൽ മരുന്ന് ലഭ്യമാക്കി തീരദേശ ആശുപത്രികളെ സ്ട്രെങ്തൻ ചെയ്യണം. തീരദേശ എം.എൽ.എ.മാരുമായി ചർച്ച ചെയ്ത് അവരുടെ അഭിപ്രായങ്ങൾ കൂടി ഉൾപ്പെടുത്തി വേണം ഗവൺമെന്റ് പ്രത്യേക പാക്കേജ് തയ്യാറാക്കേണ്ടത്.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): മത്സ്യത്തൊഴിലാളികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് അവർക്കുവേണ്ടി സമഗ്ര തീരദേശ വികസന പരിപാടി ആവിഷ്ക്കരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. 3000 കോടി രൂപ അടങ്കൽ പ്രതീക്ഷിക്കുന്ന പദ്ധതിക്കുവേണ്ടി 2006-07 ബഡ്ജറ്റിൽ 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ഹൈദ്രാബാദിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്

റൂറൽ ഡെവലപ്മെന്റിനേയും നിർവ്വഹണ ഏകോപന ഏജൻസിയായി തീരദേശ വികസന ഏജൻസിയേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രോജക്ട് റിപ്പോർട്ട് ലഭിക്കുന്നതിനുമുമ്പുതന്നെ ഈ വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 7.27 കോടി രൂപ കാസർഗോഡ് ജില്ലയിലെ തീരദേശ അടിസ്ഥാന സൗകര്യ വികസന പദ്ധതിക്കായി വിനിയോഗിക്കാൻ തീരുമാനിച്ചിട്ടുണ്ട്. റവന്യൂ, ഫിഷറീസ്, തദ്ദേശ സ്വയംഭരണം, ഭവനനിർമ്മാണം എന്നീ വകുപ്പുകൾ സംയുക്തമായി സുനാമി പുനരധിവാസത്തിനായി സമഗ്രമായ പദ്ധതി തയ്യാറാക്കിവരുന്നുണ്ട്. ഈ മേഖലയിലെ തൊഴിലാളികൾക്കായി പലിശരഹിത വായ്പ ലഭ്യമാക്കുന്നതിനും പ്രകൃതിക്ഷോഭത്തിൽ വള്ളവും വലയും നഷ്ടപ്പെട്ടവർക്ക് അവ ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അപകടങ്ങളിൽ നാശനഷ്ടം സംഭവിക്കുന്നവർക്കുവേണ്ടി വിപുലമായ ഇൻഷ്വറൻസ് പദ്ധതിക്കുള്ള നടപടികളും സ്വീകരിച്ചുവരികയാണ്. വലിയതുറയിലെ ഫിഷറീസ് ഹൈസ്ക്കൂൾ ഉൾപ്പെടെയുള്ള സംസ്ഥാനത്തെ തീരദേശ വിദ്യാലയങ്ങൾ സുനാമി പുനരധിവാസ പദ്ധതിയുടെ ഭാഗമായി റീവാമ്പ് ചെയ്യുന്നതാണ്. തീരദേശ ആശുപത്രികളിൽ മരുന്നുകൾ ലഭ്യമാക്കുന്ന കാര്യം ആരോഗ്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

## ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

കാലവർഷംമൂലം സംസ്ഥാനത്തുണ്ടായ നാശനഷ്ടങ്ങൾ സംബന്ധിച്ച് മുഖ്യമന്ത്രി ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന നടത്തി.

## സബ്മിഷൻ

(1) സ്വകാര്യ ധനകാര്യ സ്ഥാപനം പൂട്ടിയതുമൂലം നിക്ഷേപകർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. വർക്കല കഹാർ: വർക്കലയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ജി. ആന്റ് ജി. ഫിനാൻസിയേഴ്സ് എന്ന സ്വകാര്യ ധനകാര്യ സ്ഥാപനത്തിൽ നിക്ഷേപിച്ച 20 കോടിയോളം രൂപയുമായി ഒളിവിൽ പോയിരിക്കുന്ന സ്ഥാപനമുടമയെ അറസ്റ്റ് ചെയ്യുകയും നിക്ഷേപകർക്ക് അവരുടെ പണം തിരിച്ചു ലഭിക്കാനാവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : വർക്കലയിൽ 2004 മുതൽ പ്രവർത്തിച്ചുവന്നിരുന്ന ജി. ആന്റ് ജി. എന്ന സ്വകാര്യ സ്ഥാപനം 23-04-2007 മുതൽ പ്രവർത്തനം നിർത്തിവച്ച് ഉടമയും മാനേജരും ഒളിവിൽപ്പോയി. പോലീസ് അന്വേഷണം നടത്തിവരികയാണ്. എത്രയും പെട്ടെന്ന് പ്രതികളെ കണ്ടെത്താൻ കർശന നടപടി സ്വീകരിക്കുന്നതാണ്.

(2) നയനയുടെ ആത്മഹത്യ

ശ്രീ. യു. സി. രാമൻ: കോഴിക്കോട് മുക്കം കെ.എം.സി.ടി. എഞ്ചിനീയറിംഗ് കോളേജിലെ കമ്പ്യൂട്ടർ സയൻസ് ആറാം സെമസ്റ്റർ വിദ്യാർത്ഥിനി നയനയുടെ ആത്മഹത്യയ്ക്ക് കാരണക്കാരായവരെ കണ്ടെത്തി നിയമനടപടികൾ സ്വീകരിക്കണം.

(ഇത് സംബന്ധിച്ച് ശ്രീമതി കെ.കെ. ലതികയും നോട്ടീസ് നൽകിയിട്ടുണ്ട്.)

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): കോഴിക്കോട് മുക്കം കെ.എം.സി.ടി. എഞ്ചിനീയറിംഗ്

കോളേജ് വിദ്യാർത്ഥിനി നയന ആത്മഹത്യ ചെയ്തത് സംബന്ധിച്ച് കുന്നമംഗലം പോലീസ് ഒരു കേസ് രജിസ്റ്റർ ചെയ്ത് ഊർജ്ജിതമായി അന്വേഷണം നടത്തിവരുന്നു. സമീറ, സിതാര, നീതു എന്നീ അദ്ധ്യാപകരെ സസ്പെൻഡ് ചെയ്തിട്ടുണ്ട്. വിദ്യാർത്ഥി പ്രക്ഷോഭത്തെത്തുടർന്ന് കോളേജിന് അവധി പ്രഖ്യാപിച്ചിട്ടുണ്ട്.

വിദ്യാഭ്യാസവും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): നിർഭാഗ്യകരമായ ഈ സംഭവം സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങളിൽ നടക്കുന്ന പ്രവണതകളുടെ നേരിയ സൂചന മാത്രമാണ്. ഇത്തരം പരാതികളിന്മേൽ ആഭ്യന്തര വകുപ്പുമായി ചേർന്ന് പരിഹാരം കാണാൻ ശ്രമിക്കുന്നതാണ്. സർവ്വകലാശാലാ ചട്ടങ്ങൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായി ഉത്തരവാദിത്വത്തോടുകൂടിയാണ് സ്വകാര്യ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കേണ്ടത്.

## (3) തൃശൂർ ജില്ലയിൽ കൂടുതൽ പ്ളസ് ടു സ്കൂളുകളും ബാച്ചുകളും അനുവദിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: എൻട്രൻസ് പരീക്ഷയ്ക്കുള്ള പരിശീലനം നടക്കുന്നതിനാൽ ജില്ലയ്ക്ക് പുറത്തുനിന്നുമുള്ള ധാരാളം കുട്ടികൾ പ്ളസ് വൺ അഡ്മിഷന് തൃശൂരിൽ അപേക്ഷിക്കുന്നതുമൂലം തൃശൂർ ജില്ലയിലുള്ള കുട്ടികൾക്ക് അഡ്മിഷൻ കിട്ടാൻ ബുദ്ധിമുട്ടനുഭവപ്പെടുന്നു. അതുകൊണ്ട് തൃശൂർ ഠൗണിലെ വിദ്യാലയങ്ങളിൽപ്ളസ് വൺ-ന് കൂടുതൽ ബാച്ചുകളോ സീറ്റുകളോ അനുവദിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ.എം.എ. ബേബി): സംസ്ഥാനത്തൊട്ടാകെ പ്ലസ് വൺ-ന് ഇരുപത് ശതമാനം സീറ്റുകൾ

വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ ഉപരിപഠനത്തിനു ലഭ്യമായ സീറ്റുകൾ ഈ വർഷം എസ്.എസ്.എൽ.സി. വിജയിച്ച കുട്ടികളുടെ എണ്ണത്തേക്കാൾ അധികമാണ്. പ്ലസ് വൺ പഠനത്തിന് തൃശ്ശൂർ ജില്ലയിലേയ്ക്ക് മറ്റ് ജില്ലകളിലെ കുട്ടികൾ തള്ളിക്കയറുന്ന സാഹചര്യം പരിഗണിച്ച് ഇപ്പോൾ ആവിഷ്ക്കരിച്ച മാനദണ്ഡത്തിൽ എന്തെങ്കിലും മാറ്റം വരുത്താൻ കഴിയുമോയെന്നത് പരിശോധിക്കുന്നതാണ്.

(4) <u>കള്ള് ഷാപ്പ് പ്രവർത്തിപ്പിക്കുന്നതുമൂലമുള്ള ബുദ്ധിമുട്ട്</u>

<u>ശ്രീ. എ.പി. അനിൽകുമാർ</u>: വണ്ടൂർ നിയോജകമണ്ഡലത്തിലെ പോരൂർ ചേരിപ്പറമ്പ് പ്രദേശത്ത് കോടതിവിധിയുടെ മറവിൽ പോലീസിന്റെ സഹായത്തോടുകൂടി തുറന്നുപ്രവർത്തിക്കുന്ന കള്ള് ഷാപ്പ് അവിടെനിന്നും മാറ്റാനുള്ള നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ.പി.കെ.ഗുരുദാസൻ</u>): പോരൂർ പഞ്ചായത്തിലെ കാളികാവ് റേഞ്ചിൽ ചാത്താംകോട്ടുപ്പുറത്ത് പഴയ കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന കള്ള് ഷാപ്പ് കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി സമീപത്തുള്ള കെട്ടിടത്തിലേയ്ക്ക് താൽക്കാലികമായി മാറ്റി. 29-3-2006-ലെ ഹൈക്കോടതി ഉത്തരവ് പ്രകാരം ആ ഷാപ്പ് പുതിയ കെട്ടിടത്തിൽ വീണ്ടും തുറന്ന് പ്രവർത്തിപ്പിക്കാൻ കോടതി അനുമതി നൽകി. ഇതുസംബന്ധിച്ച് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(5) <u>പി.ഡബ്ലിയു.ഡി. റോഡുകൾ സഞ്ചാരയോഗ്യമാക്കണമെന്ന ആവശ്യം</u>

<u>ശ്രീ. ആനത്തലവട്ടം ആനന്ദൻ</u>: ആറ്റിങ്ങൽ നിയോജകണ്ഡലത്തിലെ നിലയ്ക്കാമുക്ക്-കായിക്കരക്കടവ് റോഡ് സഞ്ചാരയോഗ്യമാക്കണം. ഒരു

വർഷത്തിനുമുൻപുതന്നെ അപകടാവസ്ഥയിലാണെന്ന് മനസ്സിലാക്കിയ പുളിമൂട്ടുകടവ് പാലത്തിന്റെ മെയിന്റനൻസ് നടത്തണം. നേരത്തെ പണി തുടങ്ങി ഇപ്പോൾ നിർത്തിവച്ചിരിക്കുന്ന ചിറയിൻകീഴ്-കോരാണി റോഡിന്റേയും കണിയാപുരം-ചിറയിൻകീഴ് റോഡിന്റേയും പണി പൂർത്തീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. റ്റി. യു. കുരുവിള): നിലക്കാമുക്ക്-കായിക്കരക്കടവ് റോഡ് പഞ്ചായത്തിന്റെ അധീനതയിലാണ്. ചിറയിൻകീഴ്-കോരാണി റോഡിന്റെ പണി കരാറുകാരൻ സമയത്തിനുള്ളിൽ പൂർത്തിയാക്കാത്തതിനാൽ റിസ്ക് ആന്റ് കോസ്റ്റിൽ അത്യാവശ്യ അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കുന്നതിനായി റീ-ടെൻഡർ ചെയ്തിട്ടുണ്ട്. വലിയക്കട-കോഴിമട റോഡിന്റെ 66 ലക്ഷം രൂപയുടെ പണി ഈ മഴക്കാലം മാറിയാലുടൻ തന്നെ തീർക്കുന്നതാണ്. പുളിമുട്ടുകടവ് പാലത്തിന്റെ അറ്റകുറ്റപ്പണികൾക്കുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

(6) ആറളം ഫാമിലെ ആദിവാസികളുടെ പുനരധിവാസം

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: ആറളം ഫാമിലെ 3500 ആദിവാസി കുടുംബങ്ങളിൽ 840 കുടുംബങ്ങളെ മാത്രമേ പുനരധിവസിപ്പിക്കാൻ സാധിച്ചിട്ടുള്ളൂ. ബാക്കിയുള്ളവരുടെ പുനരധിവാസപ്രക്രിയ എത്രയും വേഗം പൂർത്തിയാക്കാനും ഇപ്പോൾ പുനരധിവസിപ്പിച്ചിട്ടുള്ളവരുടെ കുടിലുകൾ ചോർന്നൊലിക്കാത്തവിധത്തിൽ സംരക്ഷിക്കാനും നടപടി സ്വീകരിക്കണം. ഇപ്പോൾ അവിടെ ഏർപ്പെടുത്തിയിട്ടുള്ള മൊബൈൽ ആശുപത്രിയുടെ സേവനം സ്ഥിരം സംവിധാനമാക്കണം. ഈ ആഴ്ച തന്നെ സൗജന്യ റേഷൻ അനുവദിക്കുന്നതിനും കുട്ടികൾക്ക് സ്കൂളിൽ പോകാൻ

വാഹനം കൃത്യമായി എത്തിക്കുന്നതിനും മാതൃകാ റീഹാബിലിറ്റേഷൻ പ്രോജക്ടായി ഈ പ്രദേശത്തെ മാറ്റുന്നതിനും നടപടി സ്വീകരിക്കണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): ആറളം ഫാമിന്റെ പകുതിഭാഗം ആദിവാസികൾക്ക് പതിച്ച് നൽകി ബാക്കി പകുതി ഫാമായി നിലനിറുത്തി ആദിവാസികളെ പുനരധിവസിപ്പിച്ച് അവർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ഒരു കമ്പനി രൂപീകരിക്കണമെന്നുള്ള യു.ഡി.എഫ്. സർക്കാരിന്റെ തീരുമാനമാണ് ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ആറളത്ത് 751 കുടുംബങ്ങൾക്ക് ഇതുവരെ കൈവശരേഖ കൊടുത്തിട്ടുണ്ട്. കുറച്ച് സ്ഥലം ആദിവാസി ഗോത്ര മഹാസഭ കയ്യേറി. അർഹരായ ആദിവാസികൾക്ക് ഭൂമി നൽകുന്നതിന് ജില്ലാ കളക്ടർക്കും ട്രൈബൽ മിഷനും നിർദ്ദേശം നൽകിയിട്ടുണ്ട്. രണ്ടാം ഘട്ടമായി ജില്ലാ മിഷൻ തെരഞ്ഞെടുത്ത 2000 ഗുണഭോക്താക്കളുടെ അർഹത ഉറപ്പുവരുത്തുന്നതിനായി റവന്യൂ വകുപ്പ് ഊരുകൂട്ടം വഴി പരിശോധന നടത്തി അർഹതപ്പെട്ട 1717 ആദിവാസി കുടുംബങ്ങൾക്ക് ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. 2007 ആഗസ്റ്റ് മാസത്തോടുകൂടി ഈ ഭൂമി വിതരണം നടത്തുന്നതാണ്. പുനരധിവസിപ്പിക്കപ്പെടുന്ന ആദിവാസികൾക്ക് വീട്, വെള്ളം, വെളിച്ചം എന്നിവയും കുട്ടികൾക്ക് പഠിക്കുന്നതിനായി യാത്രാ സൗകര്യം ലഭ്യമാക്കുന്ന കാര്യവും സർക്കാർ പരിശോധിച്ച് അനുകൂലമായ തീരുമാനമെടുക്കുന്നതാണ്.

(7) കേരള സോപ്സ് ആന്റ് ഓയിൽ ലിമിറ്റഡിന്റെ പ്രവർത്തനം

ശ്രീ. എ. പ്രദീപ് കുമാർ: ചൗധരി കമ്മിറ്റി ശുപാർശയുടെ അടിസ്ഥാനത്തിൽ അടച്ചുപൂട്ടിയ കേരള സോപ്സ് ആന്റ് ഓയിൽസ് ലിമിറ്റഡിന്റെ പ്രവർത്തനം പുനരാരംഭിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): കേരള സോപ്സ് ആന്റ് ഓയിൽസ് ലിമിറ്റഡിന്റെ പ്രവർത്തനം 2001 മുതൽ നിലച്ചിരിക്കുകയാണ്. ഇതിന്റെ പുനരുദ്ധാരണ സാധ്യതാ പഠനം നടത്തിയിട്ടുണ്ട്. 7 കോടിരൂപ മുടക്കി ഫാക്ടറിയെ പുനരുദ്ധരിക്കാനുള്ള നടപടികളുമായി ഗവണ്മെന്റ് മുന്നോട്ടുപോവുകയാണ്. ടൂറിസം ഡിപ്പാർട്ടുമെന്റിന് അനുവദിച്ച 5 ഏക്കറോളം സ്ഥലത്ത് ഹോസ്പ്പിറ്റാലിറ്റി മാനേജ്മെന്റ് സ്ഥാപിക്കാനും വെള്ളയിലെ സ്ഥലം കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസിന് കൈമാറി മറ്റൊരു പദ്ധതി ആരംഭിക്കാനും ആലോചിക്കുന്നു.

(8) ജപ്പാൻ കുടിവെള്ള പദ്ധതിയുടെ പ്രവർത്തനം നിറുത്തിവച്ചതുമൂലം ഉണ്ടായിട്ടുള്ള ഗതാഗതപ്രശ്നങ്ങൾ

ശ്രീ. പി. തിലോത്തമൻ: ജപ്പാൻ കുടിവെള്ള പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് സഞ്ചാരയോഗ്യമല്ലാതായിത്തീർന്നിരിക്കുന്ന 13 കി.ലോമീറ്ററോളം വരുന്ന ചേർത്തല - അരൂക്കുറ്റി റോഡിന്റെ പണി എത്രയും വേഗം പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): 23 കിലോമീറ്റർ ദൈർഘ്യമുള്ള ചേർത്തല - അരൂക്കുറ്റി റോഡിന്റെ 13 കിലോമീറ്റർ ദൂരം ജപ്പാൻ കുടിവെള്ള പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി ഗതാഗതയോഗ്യമ

ല്ലാതായിത്തീർന്നിരിക്കുകയാണ്. ഈ റോഡിന്റെ പുനരുദ്ധാരണത്തിന് കേരള വാട്ടർ അതോറിറ്റി 70 ലക്ഷം രൂപ കെട്ടിവച്ചിട്ടുണ്ട്. ഗതാഗത വകുപ്പുമായി ആലോചിച്ച് ശേഷിക്കുന്ന പണികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(9) അന്തിക്കാട് ഗവണ്മെന്റ് ആശുപത്രി സി.എച്ച്.സി. ആയി ഉയർത്തേണ്ടതിന്റെ ആവശ്യകത

ശ്രീ. മുരളി പെരുനെല്ലി: അന്തിക്കാട് ഗവണ്മെന്റ് ആശുപത്രി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തുന്നതിനും ആശുപത്രിക്ക് ആവശ്യമായ കെട്ടിടങ്ങൾ പണിയുന്നതിനും വേണ്ട നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ): അന്തിക്കാട് ഗവണ്മെന്റ് ആശുപത്രിയിൽ രണ്ട് കെട്ടിടങ്ങളുള്ളതിൽ ഒന്ന് ഉപയോഗയോഗ്യമല്ല. കൂടാതെ സ്റ്റാഫ് കുറവാണ്. നാഷണൽ ഹെൽത്ത് മിഷന്റെ ഫണ്ടുപയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നതാണ്. പ്രസ്തുത ആശുപത്രി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തുന്നതിനെപ്പറ്റിയും ആവശ്യമായ ഡോക്ടർമാരുടേയും നഴ്സുമാരുടേയും തസ്തിക സൃഷ്ടിക്കുന്നതിനെപ്പറ്റിയും ആലോചിക്കുന്നതാണ്.

(10) ആധാരം രജിസ്ട്രേഷനിൽ വിദേശ മലയാളികൾക്ക് വിരലടയാളം ഒഴിവാക്കണമെന്ന ആവശ്യം

ശ്രീ. മഞ്ഞളാംകുഴി അലി : ആധാരം രജിസ്റ്റർ ചെയ്യുമ്പോൾ വാങ്ങുന്ന ആളിന്റേയും വിൽക്കുന്ന ആളിന്റേയും ഫോട്ടോയും വിരലടയാളവും പതിക്കണമെന്ന നിബന്ധന വിദേശ മലയാളികളെ സംബന്ധിച്ച് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നു. പാസ്പോർട്ടിന്റെ ഫോട്ടോകോപ്പിയോ

തൊഴിലുടമയുടെ സർട്ടിഫിക്കറ്റോ വച്ച് ആധാരം രജിസ്റ്റർ ചെയ്യുന്നതിന് പ്രവാസി മലയാളികളെ അനുവദിക്കണം.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): മുക്ത്യാർ മുഖേന രജിസ്ട്രേഷൻ നടത്തുന്നതിന് വിദേശ മലയാളികൾക്ക് യാതൊരു തടസ്സവും നിലവിലില്ല. ഇ-മെയിൽ മുഖേന വിരലടയാളം മുദ്രപ്പത്രത്തിൽ പതിക്കുന്നതു സംബന്ധിച്ച് നിയമോപദേശം നിയമവകുപ്പിനോട് ആവശ്യപ്പെടുന്നതാണ്.

(11) റെയിൽവേ ചീഫ് എൻജിനീയറുടെ ഓഫീസ് ചെന്നൈയിലേയ്ക്ക് മാറ്റിയ സംഭവം

ശ്രീ. കെ. സി. വേണുഗോപാൽ : സതേൺ റെയിൽവേയുടെ തിരുവനന്തപുരത്ത് പ്രവർത്തിച്ചിരുന്ന ചീഫ് എഞ്ചിനീയറുടെ ഓഫീസ് ചെന്നൈയിലേയ്ക്ക് മാറ്റിയത് കേരളത്തിലെ റെയിൽവേ വികസനത്തെ സാരമായി ബാധിക്കും. പാത ഇരട്ടിപ്പിക്കൽ ജോലികളും ഇലക്ട്രിഫിക്കേഷൻ വർക്കുകളും ഈ ഓഫീസ് മുഖേനയാണ് നടത്തിയിരുന്നത്. രാഷ്ട്രീയ ഇച്ഛാശക്തിയോടെ മുഖ്യമന്ത്രിതലത്തിൽ എം.പി.മാരേയും കൂട്ടി അടിയന്തിരമായി ഈ വിഷയം കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തണം. നിയമസഭയുടെ വികാരവും പൊതുജനങ്ങളുടെ വികാരവും കക്ഷിഭേദമെന്യേ കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തണം.

(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ശ്രീ. എ.എം. യൂസഫ് എന്നീ അംഗങ്ങളും ഈ വിഷയം സംബന്ധിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.)

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): കേരളത്തിലെ റെയിൽവേയുടെ നിർമ്മാണപ്രവർത്തനങ്ങളുടെ ചുമതല വഹിക്കുന്ന

സതേൺ റെയിൽവേ ചീഫ് എൻജിനീയറുടെ ഓഫീസാണ് തിരുവനന്തപുരത്തുനിന്നും മാറ്റുന്നത്. പാലക്കാട് ഡിവിഷൻ ഇതിനകംതന്നെ വെട്ടിമുറിക്കപ്പെട്ടിരിക്കുകയാണ്. കേരളത്തിന്റെ റെയിൽവേ വികസനത്തിന് ഈ പ്രവർത്തനങ്ങൾ കനത്ത ആഘാതമായിരിക്കും. പാത ഇരട്ടിപ്പിക്കൽ, വൈദ്യുതീകരണം തുടങ്ങി സമയബന്ധിതമായി നടപ്പാക്കേണ്ട എല്ലാ വികസന പ്രവർത്തനങ്ങളും നടത്തേണ്ടിയിരുന്നത് ചീഫ് എൻജിനീയറുടെ ഓഫീസ് മുഖേനയായിരുന്നു. എറണാകുളം- കായംകുളം പാത ഇരട്ടിപ്പിക്കൽ, വൈദ്യുതീകരണം, ആലപ്പുഴയിലെ റെയിൽവേ കോച്ച് ഫാക്ടറി ഉൾപ്പെടെ എല്ലാ പ്രവർത്തനങ്ങൾക്കും നേതൃത്വം വഹിക്കേണ്ട ഓഫീസാണിത്. നാളെ ഈ സഭയിൽ റെയിൽവേയുമായി ബന്ധപ്പെട്ട പ്രമേയങ്ങൾ ചർച്ച ചെയ്യുന്നുണ്ട്. സഭാ നേതാവും പ്രതിപക്ഷ നേതാവുമായി ആലോചിച്ച് എന്തെല്ലാം കാര്യങ്ങൾ ചെയ്യാൻ കഴിയുമോ അതെല്ലാം ഈ ഗവണ്മെന്റ് ചെയ്യുന്നതാണ്. ഇതു സംബന്ധിച്ച് ആലോചിക്കുന്നതിന് എം.പി. മാരുടെ യോഗം അടിയന്തിരമായി വിളിച്ചുകൂട്ടുന്നതാണ്.

(12) കോടതിഭാഷ മലയാളമാക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. എം. ഹംസ : ജസ്റ്റിസ് നരേന്ദ്രൻ കമ്മിഷൻ റിപ്പോർട്ട് അംഗീകരിച്ച് കോടതി ഭാഷകളും നടപടികളും മലയാളത്തിൽ കൈകാര്യം ചെയ്യുന്നതിന് നടപടി സ്വീകരിക്കണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): 11.5.1973-ലെ ഉത്തരവുപ്രകാരം കേരള ഹൈക്കോടതിയുടെ കീഴിലുള്ള സിവിൽ-ക്രിമിനൽ കോടതികളിൽ ഇംഗ്ളീഷ് ഭാഷയോടൊപ്പം

മലയാളവുംകൂടി ഉപയോഗിക്കണമെന്ന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ കോടതി ജഡ്ജ്മെന്റുകളും ഉത്തരവുകളും കഴിയുന്നിടത്തോളം മലയാള ഭാഷയിൽത്തന്നെ എഴുതണമെന്ന് സബോർഡിനേറ്റ് ജൂഡീഷ്യൽ ഓഫീസർ നിർദ്ദേശിച്ചു. ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകളിൽ നിയമങ്ങളും ചട്ടങ്ങളും ഉത്തരവുകളും മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തുക, മലയാള ഭാഷയിൽ ലാ ജേർണൽ തുടങ്ങുക, മലയാള നിയമ പദാവലി പ്രസിദ്ധീകരിക്കുക എന്നിവയുടെ കാര്യത്തിൽ നിയമവകുപ്പും ഔദ്യോഗിക ഭാഷാ കമ്മീഷനും നടപടികൾ സ്വീകരിച്ചുവരുന്നു. കീഴ്ക്കോടതികളിൽ മലയാളം ഔദ്യോഗിക ഭാഷയാക്കുന്നത് സംബന്ധിച്ച് ഹൈക്കോടതി രജിസ്ട്രാറും കേരള ഔദ്യോഗിക ഭാഷാ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും നടത്തിയ ചർച്ചയിലെ ശുപാർശകൾ നടപ്പാക്കുന്നതിന് മുഖ്യമന്ത്രി അദ്ധ്യക്ഷനായ ഉന്നതതല അവലോകന കമ്മിറ്റിയും സർക്കാർ തലത്തിൽ ഒരു സ്ഥിരം സംവിധാനവും ഉണ്ടാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കീഴ്ക്കോടതികളിൽ മലയാള ഭാഷ കൈകാര്യം ചെയ്യുന്നതിന് നിയമങ്ങളും ചട്ടങ്ങളും ഉത്തരവുകളും മലയാളത്തിൽ പരിഭാഷപ്പെടുത്തിയിട്ടുണ്ടെങ്കിലും അതിന് ആധികാരികമായ അംഗീകാരം ലഭിച്ചിട്ടില്ല. അതുകൊണ്ട് ഇത് ആധികാരികമായി പരിഭാഷപ്പെടുത്തുന്നതിന് നിയമ വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(13) <u>അടൂർ കെ.ഐ.പി. പുറമ്പോക്കിലെ ഒഴിപ്പിക്കൽ</u>

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: അടൂർ കെ.ഐ.പി. പുറമ്പോക്കിൽ ഏതാണ്ട് 30 വർഷമായി താമസിച്ചുവരുന്ന അഞ്ച് സെന്റിൽ താഴെ ഭൂമിയുള്ള

അറുന്നൂറോളം കുടുംബങ്ങൾ കുടിയിറക്ക് ഭീഷണി നേരിടുകയാണ്. വ്യക്തമായ ഉടമസ്ഥാവകാശ രേഖകളുള്ള ഈ കുടുംബങ്ങളെ കുടിയൊഴിപ്പിക്കൽ നടപടിയിൽനിന്ന് സംരക്ഷിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): ബന്ധപ്പെട്ട കെ.ഐ.പി. പുറമ്പോക്കിൽ താമസിക്കുന്നവരെ ഒഴിപ്പിക്കുന്നതിന് നോട്ടീസ് നൽകിയെങ്കിലും യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. 5 സെന്റിൽ താഴെ ഭൂമിയിൽ താമസിക്കുന്നവരെ ഒഴിപ്പിക്കരുതെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഒഴിപ്പിക്കൽ നടപടി താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്

## റിപ്പോർട്ട് സമർപ്പണം

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## ക്രമപ്രശ്നം

ചോദ്യങ്ങൾക്കുള്ള മറുപടി

ശ്രീ. സി.പി. മുഹമ്മദ് : അംഗങ്ങൾ ഉന്നയിക്കുന്ന ചോദ്യങ്ങൾക്ക് യഥാസമയം വ്യക്തമായ മറുപടി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : മുൻകാലങ്ങളെ അപേക്ഷിച്ച് മറുപടികൾ ലഭ്യമാക്കുന്നതിൽ എന്തെങ്കിലും കുറവുകളുണ്ടെങ്കിൽ പരിശോധിക്കാം.

## റൂളിംഗ്

മി. സ്പീക്കർ: അഞ്ച് ദിവസത്തെ സമ്മേളനത്തിൽ അനുവദിച്ച നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾക്കെല്ലാം മറുപടി ലഭ്യമായിട്ടുണ്ട്. നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളിൽ 623 എണ്ണത്തിന് യഥാസമയവും 268 എണ്ണത്തിന് വൈകിയും മറുപടി ലഭിച്ചിട്ടുണ്ട്. 225 ചോദ്യങ്ങൾക്ക് മറുപടി ലഭിക്കേണ്ടതുണ്ട്. ഭക്ഷ്യം, വ്യവസായം, തൊഴിൽ, മരാമത്ത്, തദ്ദേശസ്വയംഭരണം, ഗതാഗതം, ജലസേചനം, വിദ്യാഭ്യാസം, സഹകരണം എന്നീ വകുപ്പുകൾ കൃത്യമായി മറുപടി നൽകുന്നുണ്ട്. ആരോഗ്യം, റവന്യൂ, ഊർജ്ജം എന്നീ വകുപ്പുകൾ യഥാസമയം മറുപടി നൽകുന്നില്ല. മറുപടി യഥാസമയം ശരിയായ രീതിയിൽ കൊടുക്കുന്നതിന് ശ്രദ്ധിക്കണം.

## ധനകാര്യം

### 2007-2008 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ) : താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ-XX-ശുദ്ധജലവിതരണവും ശുചീകരണവും
(742,48,54,000 രൂപ)

ധനാഭ്യർത്ഥന നമ്പർ –XXXVIII - ജലസേചനം
(228,29,62,000 രൂപ)

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം) : താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ -XX1 -ഭവനനിർമ്മാണം
(32,20,97,000 രൂപ)

ധനാഭ്യർത്ഥന നമ്പർ –XXXIV- വനം
(140,84,87,000 രൂപ)

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ: തോമസ് ഐസക്) : നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 236(3) അനുസരിച്ച് ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയേയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയേയും ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയേയും വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച പ്രസ്താവന മേശപ്പുറത്ത് വയ്ക്കുന്നു.

സർവ്വശ്രീ ജോസഫ് എം. പുതുശ്ശേരി, വർക്കല കഹാർ, കെ. ബാബു, കെ.സി. ജോസഫ്, സി.പി. മുഹമ്മദ്, കെ. സുധാകരൻ, എം.എ. വാഹീദ്, പി.സി. വിഷ്ണുനാഥ്, കെ.കെ. ഷാജു, കെ.സി. വേണുഗോപാൽ, വി.ഡി. സതീശൻ, ജി. കാർത്തികേയൻ, റോഷി അഗസ്റ്റിൻ, സി.ടി. അഹമ്മദ് അലി, വി.കെ. ഇബ്രാഹിംകുഞ്ഞ്, അബ്ദുറഹിമാൻ രണ്ടത്താണി, കെ.കുട്ടി അഹമ്മദ് കുട്ടി, തോമസ് ചാഴികാടൻ, തോമസ് ഉണ്ണിയാടൻ, തേറമ്പിൽ രാമകൃഷ്ണൻ, അടൂർ പ്രകാശ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, ആര്യാടൻ

മുഹമ്മദ്, പ്രൊഫസർ കെ.വി. തോമസ് എന്നീ അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

ശ്രീ. ബി. ബാബുപ്രസാദ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. മുൻകാലങ്ങളെ അപേക്ഷിച്ച് പദ്ധതി വിഹിതം വെട്ടിക്കുറച്ച് ജലസേചന വകുപ്പിനെ ഗവൺമെന്റ് അവഗണിച്ചിരിക്കുകയാണ്. മേജർ പദ്ധതികൾ പൂർത്തിയാക്കാൻ കഴിയാതിരിക്കുന്ന സാഹചര്യത്തിൽ മൈനർ ഇറിഗേഷൻ പദ്ധതികളെ പ്രോത്സാഹിപ്പിക്കാൻ നടപടി സ്വീകരിക്കണം. കടലാക്രമണഭീഷണിയുണ്ടായ ആറാട്ടുപുഴ പ്രദേശത്തിന്റെ സംരക്ഷണത്തിനായി യാതൊരു നടപടിയും ഈ ഗവണ്മെന്റ് സ്വീകരിച്ചിട്ടില്ല. കേരളത്തിലെ തീരസംരക്ഷണം ഉറപ്പാക്കേണ്ട ജലസേചന വകുപ്പ് കാലവർഷത്തിന് മുമ്പ് ഉണർന്ന് പ്രവർത്തിക്കേണ്ടതായിരുന്നു. ആറാട്ടുപുഴയിൽ കരിമണൽ ഖനനം അനുവദിക്കുന്നതിനുള്ള വ്യവസായ വകുപ്പിന്റെ തീരുമാനത്തെ അവിടത്തെ ജനങ്ങൾ നഖശിഖാന്തം എതിർക്കുമെന്ന കാര്യത്തിൽ തർക്കമില്ല. കേരളത്തിന്റെ വനസമ്പത്ത് കുറഞ്ഞുവരുന്ന സാഹചര്യത്തിൽ ഭൂ പ്രകൃതിയുടെ മൂന്നിലൊരു ഭാഗമെങ്കിലും മരങ്ങൾ നട്ടുപിടിപ്പിക്കാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കണം. മാറിമാറി വരുന്ന ഗവണ്മെന്റുകൾ പ്രോജക്ടുകൾ തയ്യാറാക്കുകയും വൃക്ഷത്തൈകൾ വിതരണം ചെയ്യുകയും ചെയ്യുന്നതല്ലാതെ അവയൊന്നും ഫലത്തിൽ വരുന്നില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. ഈ സാഹചര്യത്തിൽ വനം സംരക്ഷിക്കാനുള്ള നടപടിയാണുണ്ടാകേണ്ടത്.

ശ്രീ. വി. ശിവൻകുട്ടി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേന്ദ്രഗവണ്മെന്റിന്റെ സാമ്പത്തികസഹായമില്ലാതെ വരുമാനം വർദ്ധിപ്പിച്ചും

റവന്യൂ കമ്മി ഇല്ലാതാക്കിയും സാമ്പത്തികരംഗത്ത് അച്ചടക്കം പാലിച്ചും സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിനുള്ള അടിത്തറ പാകാൻ ഒരു വർഷം കൊണ്ട് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവണ്മെന്റിന് കഴിഞ്ഞു എന്നുള്ളത് അഭിനന്ദനാർഹമാണ്. ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് പലിശ നിരക്ക് വെട്ടിക്കുറച്ചും കർഷകത്തൊഴിലാളികളുടെ ക്ഷേമത്തിനായി നിയമനിർമ്മാണം നടപ്പാക്കാതെയും പൊതുവിതരണ സമ്പ്രദായത്തെ തകർത്തും അവധി വ്യാപാരം പ്രോൽസാഹിപ്പിച്ചും ഇറക്കുമതി നയം പ്രോൽസാഹിപ്പിച്ചും ചെറുകിട വ്യാപാര രംഗത്ത് വിദേശ കുത്തകകൾക്ക് കടന്നുവരാനുള്ള അനുമതി കൊടുത്തും പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനുള്ള നടപടികൾ സ്വീകരിക്കാതെയും മുന്നേറുന്ന കേന്ദ്ര ഭരണത്തിൻ കീഴിലാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവണ്മെന്റ് വിജയകരമായി ഒരു വർഷം പൂർത്തീകരിച്ചത്. കേരളത്തിൽ നിന്നുള്ള കേന്ദ്രമന്ത്രിമാർ കേരളത്തിന് ലഭിക്കേണ്ട ആനുകൂല്യങ്ങൾ നേടിയെടുക്കുന്ന കാര്യത്തിൽ പരാജയപ്പെടുകയാണ്. അഴിമതിരഹിതമായി, പറയുന്ന കാര്യങ്ങൾ ചെയ്യുന്ന, വികസനത്തെ രാഷ്ട്രീയത്തിനതീതമായി കാണുന്ന ഒരു ഗവണ്മെന്റാണിത്. കർഷകത്തൊഴിലാളികൾക്ക് പെൻഷൻ കുടിശ്ശിക കൊടുത്തുതീർത്തു എന്നുള്ളത് അഭിനന്ദനാർഹമായ കാര്യമാണ്. കർഷക കടാശ്വാസ കമ്മിഷൻ രൂപീകരിച്ച് ആത്മഹത്യ ചെയ്ത കർഷകരെ സഹായിക്കാനും നഷ്ടത്തിലായ പൊതുമേഖലാസ്ഥാപനങ്ങളെ സംരക്ഷിക്കാനും വിൽപ്പനശാലകൾ തുറന്ന് വിലക്കയറ്റം നിയന്ത്രിക്കാനും സ്പോർട്ട്സ് കൗൺസിൽ പുന:സംഘടിപ്പിച്ച് കായികരംഗത്ത് ഉണർവ്വുണ്ടാക്കാനും ഈ ഗവണ്മെന്റിന് സാധിച്ചു. വിവരസാങ്കേതിക രംഗത്ത് വമ്പിച്ച നേട്ടങ്ങളാണ് നേടിക്കൊണ്ടിരിക്കുന്നത്. പദ്ധതികൾ

സമയബന്ധിതമായി പൂർത്തീകരിക്കാനും റവന്യൂ അദാലത്തുകൾ സംഘടിപ്പിച്ച് പരാതികൾ പരിഹരിക്കാനും ജപ്പാൻ കുടിവെള്ള പദ്ധതി പ്രാവർത്തികമാക്കാനും മുല്ലപ്പെരിയാർ പ്രശ്നത്തിൽ സമയോചിതമായ ഇടപെടൽ നടത്തി കേരളത്തിന് അനുകൂലമായ വിധി സമ്പാദിക്കാനും കഴിഞ്ഞു. മറയൂർ ചന്ദനക്കാടുകൾ സംരക്ഷിക്കാൻ വനം വകുപ്പിന് സാധിച്ചു. സമസ്തമേഖലകളിലും വികസനം കൈവരിക്കാൻ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവണ്മെന്റിന് കഴിഞ്ഞിട്ടുണ്ട്.

ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ജലവിഭവ വകുപ്പിന്റെ പ്രവർത്തനങ്ങൾ നന്നാക്കാനായി കഴിഞ്ഞ ഒരു വർഷമായി ജലവിഭവ വകുപ്പുമന്ത്രി നടത്തുന്ന പ്രഖ്യാപനങ്ങളും തീരുമാനങ്ങളും ജലരേഖയായി മാറുകയാണ്. കേന്ദ്ര ഗവണ്മെന്റ് ആവിഷ്ക്കരിച്ച ഭരത് നിർമ്മാൺ പദ്ധതിക്കായി പ്രോജക്ട് തയ്യാറാക്കാനോ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തി ആവശ്യമായ തുക ലഭ്യമാക്കാനോ ഈ ഗവണ്മെന്റ് യാതൊരു ശ്രമവും നടത്തിയിട്ടില്ല. നബാർഡിന്റെ സഹായത്തോടെ നടപ്പാക്കുന്ന ആർ.ഐ.ഡി.എഫ്.- (12)-ൽ ഉൾപ്പെടുത്തിയ ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികൾ നടപ്പാക്കണം. ടെക്നോളജി അപ്ഗ്രേഡ് ചെയ്തുകൊണ്ട് ശുദ്ധവും സുരക്ഷിതവുമായ കുടിവെള്ളം വിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കണം. ജലനിധി പദ്ധതിയിൽ മത്സ്യത്തൊഴിലാളികൾ, പട്ടികജാതിക്കാർ, മറ്റ് പിന്നോക്ക വിഭാഗക്കാർ എന്നിവർക്ക് അടയ്ക്കാൻ സാധിക്കാത്ത കോൺട്രിബ്യൂഷൻ അടയ്ക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പെർമിസ്സീവ് സാംഗ്ഷൻ നൽകണം. ടോയ്‍ലറ്റ് വൃത്തിയാക്കാനും പൂന്തോട്ടം നനയ്ക്കാനും

വാഹനങ്ങൾ കഴുകാനും ശുദ്ധജലം ഉപയോഗിക്കുന്നത് തടയണം. 1995-ൽ ആരംഭിച്ച ഹഡ്കോ പദ്ധതിയും 1999-ൽ ആരംഭിച്ച ഡി.എഫ്.ഐ.ഡി. (ഡച്ച് ഫിനാൻഷ്യൽ ഇൻവെസ്റ്റ്മെന്റ് ഡെവലപ്മെന്റ് പ്രോജക്ട്) പദ്ധതിയും കമ്മിഷൻ ചെയ്യാനുള്ള നടപടി സ്വീകരിക്കണം. പണി പൂർത്തീകരിക്കാൻ സാധിക്കാത്ത നിലയിൽ വാട്ടർ അതോറിറ്റിയുടെ പണികളുമായി ബന്ധപ്പെട്ടുവരുന്ന വിജിലൻസ് കേസ്സുകൾ തരണം ചെയ്യാനുള്ള ഇച്ഛാശക്തി വകുപ്പിന്റെ ഭാഗത്ത് നിന്നുണ്ടാകണം.

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. നദികളും കുളങ്ങളും തടാകങ്ങളുമുൾപ്പെടുന്ന ജലവിഭവ സമ്പത്ത് സംരക്ഷി ക്കുകയും ശാസ്ത്രീയമായി കൂടുതൽ ജനോപകാരപ്രദമാക്കുകയും ചെയ്യുക എന്നുള്ളത് ഭാവിയുടെ സുരക്ഷിതത്വത്തിന് അനിവാര്യമാണ്. ഇന്നത്തെ പശ്ചാത്തലത്തിനനുസരണമായ ഒരു ജലനയം പ്രഖ്യാപിക്കുവാൻ ഗവൺമെന്റ് അടിയന്തിരമായി തയ്യാറാകണം. സംസ്ഥാനത്തെ എല്ലാ പ്രദേശ ങ്ങളിലും കുടിവെള്ളമെത്തിക്കുക എന്ന ലക്ഷ്യത്തോടുകൂടി മുന്നോട്ടു പോകുന്ന ഈ ഗവൺമെന്റ് കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ 26 മേജർ സ്കീമുകളുൾപ്പെടെ 78 ശുദ്ധജല വിതരണ പദ്ധതികൾ പൂർത്തീകരിച്ചതിന്റെ ഫലമായി 6 ലക്ഷം പേർക്ക് അധികമായി കുടിവെള്ളം എത്തിക്കാൻ കഴി ഞ്ഞിട്ടുണ്ട്. സ്കൂളുകളിൽ 223 സ്കീമുകൾ നടപ്പിലാക്കുകയും സ്വജൽധാരാ പദ്ധതിയുടെ 50 സ്കീമുകളും വർഷ പദ്ധതിയുടെ 93 യൂണിറ്റുകളും പൂർത്തീകരിക്കുകയും ചെയ്തു. എൽ.ഐ.സി.യുടെ സഹായത്തോടുകൂടി യുള്ള എല്ലാ പദ്ധതികളും പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് എടുത്ത തീരുമാനം എത്രയും പെട്ടെന്ന് നടപ്പിലാക്കണം. 1997-ൽ ഒപ്പുവച്ച ജപ്പാൻ കുടിവെള്ള പദ്ധതി നടപ്പിലാക്കുകവഴി സർക്കാരിന് 32 കോടി രൂപയുടെ ലാഭമുണ്ടാക്കാൻ കഴിഞ്ഞു. തിരുവനന്തപുരം നഗരത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനും ഡ്രെയിനേജിന്റെ പണിക്കുംവേണ്ടി 302 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ ഇതിന്റെ നടത്തിപ്പിൽ നിന്നും വാട്ടർ അതോറിറ്റിയെ ഒഴിവാക്കാൻ എടുത്ത തീരുമാനം അടിയന്തിരമായി പിൻവലിച്ച് വാട്ടർ അതോറിറ്റിയെക്കൊണ്ടുതന്നെ ഈ പദ്ധതി നടപ്പിലാക്കിപ്പിക്കണം. തിരുവനന്തപുരം ജില്ലയിലെ കുടിവെള്ള പ്രശ്നത്തിനുള്ള പ്രധാനപ്പെട്ട കാരണം അരുവിക്കരയിൽ നിന്നുമുള്ള പൈപ്പ്ലൈൻ തുടർച്ചയായി പൊട്ടുന്നതാണ്. അതിനാൽ ആ കോൺക്രീറ്റ് പൈപ്പുകൾ മുഴുവൻ മാറ്റി കാസ്റ്റ് അയൺ പൈപ്പുകൾ ഇടുന്നതിന് നടപടി സ്വീകരിക്കണം. മുല്ലപ്പെരിയാർ പ്രശ്നത്തിൽ കേരളത്തിന് അനുകൂലമായ സുപ്രീംകോടതി വിധിയുണ്ടായത് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ അഭിമാനകരമായ നേട്ടമാണ്. വനംകയ്യേറ്റ മാഫിയയെ തളയ്ക്കുന്നതിനും ചന്ദന മാഫിയയെ ശക്തമായി നേരിടുന്നതിനും സൈലന്റ് വാലിയെ സംരക്ഷിത മേഖലയായി പ്രഖ്യാപിക്കുന്നതിനും സാമൂഹ്യ വനവൽക്കരണത്തിനായി നിരവധി പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനും ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. നിർമ്മിതി കേന്ദ്രത്തിന്റെ തലപ്പത്തുള്ള അഴിമതിക്കാരനായ ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിച്ചുകൊണ്ട് മുടങ്ങിക്കിടക്കുന്ന ഭവനനിർമ്മാണ പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കണം.

 പ്രൊഫ. എൻ. ജയരാജ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സംസ്ഥാനത്ത് കേന്ദ്ര ഗവൺമെന്റിന്റെ ഫണ്ടുപയോഗിച്ച് നടപ്പിലാക്കുന്ന ശുദ്ധജല പദ്ധതികൾ പലപ്പോഴും സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാത്തതിന്റെ ഫലമായി ഓരോ തവണയും ഫണ്ട് വെട്ടിക്കുറയ്ക്കുന്ന പ്രവണത കണ്ടുവരുന്നു. എൽ.ഐ.സി. ഉൾപ്പെടെയുള്ള ഏജൻസികൾ ശുദ്ധജല വിതരണരംഗത്തുനിന്നും പിൻമാറുന്നതുകൊണ്ട് ആ പദ്ധതികൾ പൂർത്തീകരിക്കാൻ കഴിയുന്നില്ല.. സമയബന്ധിതമായി ഇത്തരം പദ്ധതികൾ നടപ്പാക്കുന്നതിന് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ആത്മാർത്ഥമായ ശ്രമമുണ്ടാകണം. കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതിനായി തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന വസ്തുവിന്റെ വാല്യുവേഷൻ നടപടിക്രമങ്ങൾ ലഘുവും സുതാര്യവുമാക്കിക്കൊണ്ടുള്ള സമീപനം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. ജില്ലാകളക്ടർ ചെയർമാനായുള്ള ജില്ലാതല പ്രൊക്യൂർമെന്റ് കമ്മിറ്റി വാഴൂർ നിയോജകമണ്ഡലത്തിന് അനുവദിച്ച എം.എൽ.എ. ഫണ്ടുപയോഗിച്ചുള്ള 20 ലക്ഷം രൂപയുടെ പൈപ്പ്ലൈനിന്റെ പണി സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയാത്തതിനാൽ ജില്ലാതല പ്രൊക്യൂർമെന്റ് മാറ്റി റേറ്റ് കോൺട്രാക്ട് കൊടുത്തുകൊണ്ട് സമയബന്ധിതമായി പൂർത്തിയാക്കാൻ സംവിധാനമുണ്ടാക്കണം. നദികളിൽ നിന്നും ഊറ്റിയെടുക്കുന്ന മണൽ അവിടെ തിരികെ എത്താത്തതുമൂലമുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നം അവലോകനം ചെയ്യുന്നതിന് കേരളത്തിലെ നദികളെ സംബന്ധിച്ച് ഒരു പഠനം നടത്തേണ്ടതുണ്ട്. വാഴൂർ നിയോജകമണ്ഡലത്തിൽ 2000-ൽ ആരംഭിച്ച വെള്ളാവൂർ കുടിവെള്ള പദ്ധതി അടിയന്തിരമായി പൂർത്തീകരിക്കുന്നതിനും കുളത്തൂർമൂഴി ചെക്ക് ഡാം നിർമ്മിക്കുന്നതി

നുമാവശ്യമായ നിർദ്ദേശമുണ്ടാകണം. പമ്പയിലെ അമിതജലം മണിമല യാറിൽ എത്തിക്കുന്നതിന് തയ്യാറാക്കിയിരുന്ന പ്രോജക്ട് ഫീസിബിൾ ആണെങ്കിൽ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. കോവൂർ കുഞ്ഞുമോൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തിലെ കുടിവെള്ളത്തിന്റെ അപര്യാപ്തതയ്ക്ക് ശാശ്വതമായ പരിഹാരം കാണുന്നതിന് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ദൃഢനിശ്ചയത്തോടുകൂടിയുള്ള പ്രവർത്തനങ്ങളാണ് നടത്തുന്നത്. തിരുവന ന്തപുരം, എറണാകുളം, ആലപ്പുഴ, കണ്ണൂർ, കോഴിക്കോട് ജില്ലകൾക്ക് ഗുണം ചെയ്യുന്ന 2600 കോടി രൂപയുടെ ജപ്പാൻ കുടിവെള്ള പദ്ധതിയാണ് പ്രവർത്തനഘട്ടത്തിലെത്തിനിൽക്കുന്നത്. 111 വർഷം പഴക്കമുള്ള മുല്ലപ്പെരി യാർ ഡാം സംരക്ഷിക്കേണ്ടത് കേരള സംസ്ഥാനത്തിന്റെയും പൊതുജനങ്ങ ളുടെയും ആവശ്യമായി തീർന്നിരിക്കുകയാണ്. കഴിഞ്ഞ ഒരു വർഷത്തിനു ള്ളിൽ 26 മേജർ സ്കീമുകളുൾപ്പെടെ 78 ശുദ്ധജലവിതരണ സ്കീമുകളും സ്കൂളുകളിലെ കുടിവെള്ളത്തിനായി 223 സ്കീമുകളും സ്വജലധാരയുടെ കീഴിൽ 50 സ്കീമുകളും വർഷ പദ്ധതിയുടെ കീഴിൽ 93 യൂണിറ്റുകളും പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. കേരളത്തിലെ കർഷകരെ സംരക്ഷിക്കു ന്നതിനുവേണ്ടി മൈനർ ഇറിഗേഷൻ വകുപ്പിന്റെ കീഴിൽ 130 സ്കീമുകളി ലായി 228 കോടി രൂപയുടെ പ്രവർത്തനം ആരംഭിക്കുന്നതിന് ഗവൺമെന്റ് തീരുമാനമെടുത്തിട്ടുണ്ട്. 2007-08 ജലസാക്ഷരതാ വർഷമായി സംസ്ഥാനം ആചരിക്കുകയാണ്. കേരളത്തിലെ 14 റവന്യൂ ജില്ലകളിലും കേരള വാട്ടർ അതോറിറ്റി അദാലത്തുകൾ നടത്തുകയും പുതിയ വികസന

പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നു. വാട്ടർ അതോറിറ്റിക്ക് കോടിക്കണക്കിനു രൂപയുടെ വരുമാനമുണ്ടാക്കിത്തരുന്ന കുന്നത്തൂർ താലൂക്കിലെ ശാസ്താംകോട്ട ശുദ്ധജലത്തടാകത്തെ സംരക്ഷിക്കുന്നതിനുദ്ദേശിച്ചു കൊണ്ടുള്ള സ്റ്റാറ്റ്യൂട്ടറി ബോഡി ഇതുവരെ രൂപീകരിച്ചിട്ടില്ല; അതിനുള്ള നടപടി ഉണ്ടാകണം. കേരളത്തിന്റെ പരിപാവനമായ വനങ്ങൾ വെട്ടി നശിപ്പിക്കുന്ന വനം മാഫിയകളെ സംരക്ഷിക്കുന്ന നിലപാട് കഴിഞ്ഞ സർക്കാർ സ്വീകരിച്ചതിന്റെ ഫലമായി വനം ഇന്ന് അന്യമായിക്കൊണ്ടിരിക്കുകയാണ്. വനം സംരക്ഷിക്കണം. വനപാലകർക്ക് അത്യാധുനിക ആയുധങ്ങൾ നൽകണം.

<u>ശ്രീ. വി. സുരേന്ദ്രൻപിള്ള</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു തിരുവനന്തപുരം ജില്ലയുൾപ്പെടെയുള്ള അഞ്ച് ജില്ലകളുടെ കുടിവെള്ളപ്രശ്നത്തിന് ശാശ്വതമായ പരിഹാരമുണ്ടാക്കാൻ ഗവൺമെന്റിനു കഴിഞ്ഞു എന്നത് ഒരു യാഥാർത്ഥ്യമാണ്. ജപ്പാൻ കുടിവെള്ള പദ്ധതിയുടെ നടത്തിപ്പിൽ പുരോഗതിയുണ്ടാക്കാൻ കഴിഞ്ഞു. പൈപ്പുകളുടെ ഗുണനിലവാരം പരിശോധിക്കാൻ ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റിയെ നിയോഗിച്ചു. മുല്ലപ്പെരിയാർ ഡാമിന്റെ ജലനിരപ്പ് 136-ൽ നിന്നും 142 അടിയായി ഉയർത്തണമെന്ന സുപ്രീംകോടതി ഉത്തരവിനെതിരെ, സന്ദർഭോചിതമായി പ്രവർത്തിക്കാൻ ഗവൺമെന്റിനു കഴിഞ്ഞു. ഈ വിഷയത്തിൽ കേരളത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കാൻ, പ്രധാനമന്ത്രിയടക്കമുള്ള ആളുകളെ കാര്യങ്ങൾ ബോദ്ധ്യപ്പെടുത്താൻ ഗവൺമെന്റിനു സാധിച്ചു. മാത്രമല്ല തമിഴ്നാടിന്റെ എതിർപ്പിനെ അവഗണിച്ചുകൊണ്ട് ചരിത്രത്തിലാദ്യമായി സുപ്രീംകോടതിയിൽ നിന്ന്

കേരളത്തിന് അനുകൂലമായ രീതിയിലുള്ള പരാമർശം ഉണ്ടായത് ഏറ്റവും വലിയ നേട്ടമാണ്. വൻകിട കുടിവെള്ള പദ്ധതികൾക്കുവേണ്ടി കോടിക്കണക്കിനു രൂപ മുതൽ മുടക്കുന്നതിനുപകരം ചെറിയ പദ്ധതികൾ ആദ്യം ഏറ്റെടുത്ത് അതിനെ വലിയ ശുദ്ധജലപദ്ധതികളാക്കി മാറ്റിയെടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. ധനകാര്യ വകുപ്പിന്റെ സഹായത്തോടുകൂടി തീരദേശസംരക്ഷണ പ്രവർത്തനങ്ങൾ ത്വരിതഗതിയിലാക്കുന്നതിനാവശ്യമായ ഫണ്ട് ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കണം. 1970 കാലഘട്ടത്തിൽ ഭവന നിർമ്മാണ വായ്പയെടുത്തിരുന്ന ആളുകളുടെ വായ്പകൾ പൂർണ്ണമായും എഴുതിത്തള്ളാനും പലിശ വേവ് ചെയ്യാനും ഗവൺമെന്റ് തീരുമാനമെടുത്ത പശ്ചാത്തലത്തിൽ അതിനാവശ്യമായ പബ്ളിസിറ്റി കൊടുത്ത് നടപടികൾ പൂർത്തീകരിക്കണം ഇന്ത്യൻ പ്രസിഡന്റ് ഉദ്ഘാടനകർമ്മം നിർവ്വഹിച്ച തിരുവനന്തപുരം കവടിയാറിലുള്ള ഹാബിറ്റാറ്റ് സെന്ററിന്റെ നിർമ്മാണ പ്രവർത്തനം ത്വരിതഗതിയിലാക്കാനുള്ള നടപടികൾ സ്വീകരിക്കണം.

<u>ശ്രീ. പി.സി. ജോർജ്</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. 2543 കി.മീറ്റർ പൈപ്പ് ലൈൻ ഒരു വർഷം കൊണ്ട് സ്ഥാപിക്കാനും 125 പദ്ധതികൾ പൂർത്തീകരിക്കാനും കഴിഞ്ഞു; അതിൽ 22 എണ്ണം വൻകിട പദ്ധതികളാണ്. ജപ്പാൻ കുടിവെള്ള പദ്ധതി സുതാര്യമായി നടപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു. ജലസേചന വകുപ്പും റവന്യൂ വകുപ്പും കൂട്ടായി പ്രവർത്തിച്ച് കുളങ്ങളുടേയും കായലുകളുടേയും ജലാശയങ്ങളുടേയും തീരങ്ങൾ സംരക്ഷിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം. ടൗണുകളിലും പട്ടണങ്ങളിലും തോടുകളുടേയും

നദികളുടേയും തീരങ്ങൾ കയ്യേറിയിട്ടുണ്ടെങ്കിൽ അവയ്ക്ക് ന്യായമായ വില ഈടാക്കി ആ പണം ഖജനാവിലേയ്ക്ക് കൊണ്ടുവരണം. കടലാക്രമണ ഭീഷണിയിൽ നിന്നും കടൽത്തീരങ്ങളെ സംരക്ഷിക്കുന്നതിനും കടൽഭിത്തി നിർമ്മിക്കുന്നതിനും ആവശ്യമായ തുക ലഭ്യമാക്കാൻ കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം. മീനച്ചിൽ റിവർ വാലി പദ്ധതിക്ക് പ്രത്യേകം പരിഗണന നൽകണം. മൂന്നാറിലെ വനം കയ്യേറ്റക്കാരേയും കാട്ടുകൊള്ളക്കാരേയും റിസോർട്ട് മാഫിയകളേയും നിലയ്ക്കുനിർത്താനുള്ള നടപടികളുമായി മുന്നോട്ടുപോകുന്നതിൽ ഉത്തരവാദപ്പെട്ടവർ കുറ്റകരമായ അനാസ്ഥ കാണിച്ചതിന്റെ ഫലമായി വൃന്ദാവൻ പട്ടയം ഉൾപ്പെടെ പല കേസിലും ഇപ്പോൾ ഹൈക്കോടതിയുടെ ഇടപെടലുകൾ ഉണ്ടായത് ഖേദകരമാണ്. കോടതിയുടെ ഇത്തരം ഇടപെടലിനെതിരെ ഒറ്റക്കെട്ടായ നിലപാടു സ്വീകരിച്ചുകൊണ്ട് കയ്യേറ്റക്കാരെ ഒഴിപ്പിക്കാനും അനധികൃത റിസോർട്ടുകൾ ഇടിച്ചുനിരത്താനും ആവശ്യമായ നടപടികൾ സ്വീകരിക്കണം.

<u>ശ്രീ. ടി.പി. കുഞ്ഞുണ്ണി:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ജനാഭിലാഷം പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ട്, സാധാരണക്കാർക്കും പാവപ്പെട്ടവർക്കും സാമൂഹ്യനീതി ഉറപ്പുവരുത്തിക്കൊണ്ട്, പൊതുസ്വത്ത് സംരക്ഷിക്കാൻ പ്രതിജ്ഞാബദ്ധമായ നിലപാട് സ്വീകരിച്ചുകൊണ്ട് മുന്നോട്ടു പോകുന്ന ഈ ഗവൺമെന്റ് ഒരു വർഷക്കാലത്തിനിടയിൽ ഒട്ടേറെ വികസനപ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനം വകുപ്പിൽ വിപ്ലവകരമായ മാറ്റങ്ങൾക്ക് തുടക്കം കുറിക്കുകയുണ്ടായി. കാടിന്റെ തനിമ നിലനിർത്താനും വനം കൊള്ളക്കാരെ അമർച്ച ചെയ്യാനും കയ്യേറ്റക്കാരിൽനിന്നും വനവും

വനഭൂമിയും സംരക്ഷിക്കുന്നതിനും ആവശ്യമായ കർശന നടപടികൾ സ്വീകരിച്ചു. കേരളത്തിൽ വനഭൂമിയുടെ വിസ്തൃതി 26 ശതമാനത്തിൽ നിന്ന് 9 ശതമാനമായി കുറഞ്ഞിരിക്കുന്നു. ഈ ഗവൺമെന്റിന്റെ കർശനമായിട്ടുള്ള ഇടപെടലുകളുടെയും നടപടികളുടെയും ഫലമായി വനഭൂമിയുടെ നിലവിലുള്ള വിസ്തീർണ്ണത്തിൽ 3 ശതമാനത്തോളം വർദ്ധനവുണ്ടാക്കാൻ കഴിഞ്ഞു. കഴിഞ്ഞ അഞ്ച് കൊല്ലം വനം മാഫിയകളുടെയും വനം കയ്യേറ്റക്കാരുടെയും സുവർണ്ണകാലമായിരുന്നു. വൻകിടതോട്ടമുടമകളെ സംരക്ഷിക്കാനും വ്യാജരേഖകൾക്ക് സാധൂകരണം നൽകാനും യു.ഡി.എഫ്. സർക്കാർ 2005-ൽ കൊണ്ടുവന്ന വനം ബില്ലിനെ സംസ്ഥാന ഗവർണ്ണർ പോലും എതിർത്തു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കയ്യേറ്റക്കാരിൽ നിന്നും ഒരു സെന്റ് ഭൂമി പോലും തിരിച്ചുപിടിക്കാൻ സാധിച്ചിട്ടില്ല. വാളയാർ ചന്ദന ഫാക്ടറി കേസിനെക്കുറിച്ച് അന്വേഷിച്ച് വസ്തുതകൾ പുറത്തുകൊണ്ടുവരണം. സംസ്ഥാനത്ത് ആദ്യമായി ഒരു വനം നയത്തിന് രൂപം കൊടുത്ത ഗവൺമെന്റാണിത്. സിമന്റ്, കമ്പി, മണൽ എന്നിവയുടെ വില വർദ്ധനവിന്റെ തോതിനനുസരിച്ച് ദുർബല ജനവിഭാഗങ്ങൾക്കായുള്ള ഭവന നിർമ്മാണ ഗ്രാന്റ് വർദ്ധിപ്പിക്കണം. ജലദൗർലഭ്യം പരിഹരിക്കുന്നതിന് മഴവെള്ളം ശാസ്ത്രീയമായി കെട്ടിനിർത്തി ഉപയോഗിക്കാൻ കഴിയുന്ന സംവിധാനത്തെക്കുറിച്ച് ആലോചിക്കണം.

ശ്രീ. കെ.കെ. ഷാജു: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഈ ഗവൺമെന്റിന്റെ കാലത്ത് വെള്ളക്കരം വർദ്ധിപ്പിക്കില്ലെന്ന് പ്രഖ്യാപിക്കണം. കേരള വാട്ടർ അതോറിറ്റിക്ക് ആവശ്യമായ ഫണ്ടും സ്റ്റാഫും വാഹന സൗകര്യവും ഇല്ലാത്തതുകൊണ്ട് സമയത്ത് ഒരു മെയിന്റനൻസും നടത്താൻ

സാധിക്കുന്നില്ല. എൽ.ഐ.സി. ധനസഹായത്തോടെ ആരംഭിച്ച പദ്ധതികളും ടെൻഡർ ചെയ്ത പണികളും പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം. കെ.ഐ.പി.യിൽ സ്ഥലം ഏറ്റെടുക്കുകയും കനാലിന്റെ പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുള്ള സ്ഥലങ്ങളിൽ വെള്ളം എത്തിക്കാനും കനാലുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാനും നടപടി സ്വീകരിക്കണം. ജലസേചന വകുപ്പിന്റെ പ്രവർത്തനം കുറേക്കൂടി കാര്യക്ഷമമാക്കണം. റിവർ മാനേജുമെന്റ് ഫണ്ടിന്റെ മേജർ പോർഷൻ ജലസേചന വകുപ്പിന് കിട്ടുന്നതിന് നടപടി സ്വീകരിക്കണം. കൊല്ലം ഡിവിഷന്റെ കീഴിൽ നിന്നും ആലപ്പുഴ ജില്ലയിലെ കാർത്തികപ്പള്ളി, മാവേലിക്കര, ചെങ്ങന്നൂർ താലൂക്കുകളെ മാറ്റുന്നതിന് അടിയന്തിര തീരുമാനമെടുക്കണം. ലക്ഷം വീടുകളുടെ പുനരുദ്ധാരണത്തിനുവേണ്ടി ഫലപ്രദമായ ഒരു പദ്ധതി ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കണം. എം.എൽ.എ. മാരുടെ ഭവനനിർമ്മാണ പദ്ധതിയ്ക്ക് ആവശ്യമായ തുക വകയിരുത്തണം.

ശ്രീ. മുരളി പെരുനെല്ലി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കഴിഞ്ഞ ഒരു വർഷം കൊണ്ട് അടിസ്ഥാന ജനവിഭാഗങ്ങൾക്ക് ആശ്വാസം കൊടുക്കാനും വികസന പ്രവർത്തനങ്ങൾക്ക് ശരിയായ ദിശാബോധം ഉണ്ടാക്കാനും വനവും വന വിഭവങ്ങളും സംരക്ഷിക്കാനും ഈ ഗവൺമെന്റിനു കഴിഞ്ഞു. കർഷകർക്ക് മെച്ചപ്പെട്ട ജലസേചന സൗകര്യം ഏർപ്പെടുത്തി. 2010-ൽ എല്ലാവർക്കും പാർപ്പിടം എന്ന പദ്ധതി നടപ്പിലാക്കാനും എല്ലാവർക്കും കുടിവെള്ളം ലഭ്യമാക്കാനും വേണ്ട നടപടികൾ സ്വീകരിച്ചുവരികയാണ്. തെരഞ്ഞെടുപ്പ് പ്രകടന പത്രികയിലെ വാഗ്ദാനങ്ങൾ ഘട്ടം ഘട്ടമായി നടപ്പാക്കിക്കൊണ്ടാണ് ഈ സർക്കാർ രണ്ടാം വർഷത്തിലേയ്ക്ക് കടന്നിരിക്കുന്നത്. സമഗ്രമായ കാർഷിക പരിഷ്ക്കരണ

ത്തിന് തുടക്കം കുറിച്ച, കൃഷി ഭൂമി കൃഷിക്കാരന് എന്ന മുദ്രാവാക്യം നടപ്പാക്കാൻ കഴിഞ്ഞ 1957-ൽ അധികാരത്തിൽ വന്ന സഖാവ് ഇ. എം. എസ്.ന്റെ നേതൃത്വത്തിലുള്ള ആദ്യത്തെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റിന്റെ നടപടിയാണ് കേരളത്തെ ലോകത്തിന്തന്നെ മാതൃകകൾ സംഭാവന ചെയ്യുന്ന ഒരു സംസ്ഥാനമായി നിലനിറുത്തുന്നത്. സംസ്ഥാനത്തെ അഴിമതിമുക്തമാക്കി സർക്കാർ സ്വത്ത് പൊതു സ്വത്താണെന്ന ഒരു അവബോധം സൃഷ്ടിക്കാനും കയ്യേറ്റ മാഫിയകളെ തകർക്കാനും കൃഷി ഭൂമി വിട്ടൊഴിയുന്ന കൃഷിക്കാരനെ ആ ഭൂമിയിൽ തന്നെ പിടിച്ചുനിറുത്താനും ആവശ്യമായ നടപടികൾ സ്വീകരിക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. ആശുപത്രികളെ ഇല്ലായ്മയിൽ നിന്ന് മോചിപ്പിക്കാനും സ്മാർട്ട് സിറ്റി യാഥാർത്ഥ്യമാക്കാനും ഐ.ടി.മേഖലയിൽ വൻമുന്നേറ്റം സൃഷ്ടിക്കാനും ജനോപകാരപ്രദമായ അഞ്ച് നിയമങ്ങൾ പാസ്സാക്കാനും കഴിഞ്ഞ സർക്കാർ പൂട്ടിയ വ്യവസായങ്ങളാകമാനം തുറക്കാനും ഈ ഗവൺമെന്റിനു കഴിഞ്ഞിട്ടുണ്ട്. കുടിവെള്ള പ്രശ്നത്തിന് ശാശ്വത പരിഹാരം കാണാനും ഒരു വർഷം കൊണ്ട് 26 മേജർ സ്കീമുകൾ ഉൾപ്പെടെ 78 ജലവിതരണ പദ്ധതികൾ പൂർത്തീകരിക്കാനും കഴിഞ്ഞു. പ്രശ്നപരിഹാരത്തിനായി ജില്ലാതല അദാലത്തുകൾ നടപ്പിലാക്കിവരുകയാണ്. ജലസുരക്ഷാപദ്ധതികൾക്ക് തുടക്കം കുറിച്ചുകൊണ്ട് 2007-08 ജലസാക്ഷരതാ വർഷമായി ആചരിക്കുകയാണ്. ചന്ദന മോഷണം കുറയ്ക്കാനും ചന്ദന മാഫിയകളെ നിലയ്ക്ക് നിറുത്താനും ഈ ഗവണ്മെന്റിന് സാധിച്ചിട്ടുണ്ട്. തീരദേശവാസികളുടെ സുരക്ഷയ്ക്ക് വേണ്ടിയുള്ള 'തീരവനം' പദ്ധതിയും 'എന്റെ മരം' പദ്ധതിയും ഈ സർക്കാ

രിന്റെ കാലഘട്ടത്തിലാണ് ആവിഷ്ക്കരിച്ചത്. വഴിയോര തണൽ പദ്ധതിയുടെ പ്രാരംഭഘട്ട പ്രവർത്തനങ്ങൾ നടപ്പിലാക്കിവരികയാണ്. കർഷക കടാശ്വാസ കമ്മീഷൻ രൂപീകരിച്ചു. കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുള്ള നടപടികളുമായി സർക്കാർ മുന്നോട്ടുവരികയാണ്. കൂരുമാട് ശുദ്ധജല വിതരണ പദ്ധതി നടപ്പിലാക്കണം.

<u>ശ്രീ. അൽഫോൺസ് കണ്ണന്താനം</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. എംപ്ളോയീസ് ഇൻഫർമേഷൻ സിസ്റ്റം ഈ വർഷം തന്നെ വാട്ടർ അതോറിറ്റിയിൽ തുടങ്ങുമെന്നുള്ളത് അഭിനന്ദനാർഹമാണ്. മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷയെക്കുറിച്ച് പഠിക്കുന്നതിന് പുതിയ ഒരു കമ്മിഷനെ നിയമിക്കണം. സംസ്ഥാനത്ത് വേസ്റ്റ് മാനേജ്മെന്റ് ഫലപ്രദമായി നടപ്പിലാക്കണം. പ്ളാസ്റ്റിക് നിരോധന നിയമം നടപ്പിലാക്കാൻ മടിക്കുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ഭരണ സമിതികളെ പിരിച്ചുവിടാനുള്ള ആർജ്ജവം സർക്കാർ പ്രകടിപ്പിക്കണം. ശബരിമല പ്രദേശത്തെ ജലദൗർലഭ്യത ഒഴിവാക്കാൻ എരുമേലി സൗത്ത് വാട്ടർ സപ്ളൈ സ്ക്കീം ഉൾപ്പെടെയുള്ള ശബരിമല മാസ്റ്റർ പ്ളാൻ എത്രയുംപെട്ടെന്ന് നടപ്പിലാക്കണം. പാരിസ്ഥിതിക പ്രശ്നങ്ങളുണ്ടാകാത്ത വിധത്തിൽ ഫോറസ്റ്റ് റോഡുകളുടെ പണികൾ ത്വരിതപ്പെടുത്തണം.

<u>ശ്രീ. കെ. അച്ചുതൻ:</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. അഴിമതിയും കെടുകാര്യസ്ഥതയും മുഖമുദ്രയാക്കിയ ഒരു ഗവൺമെന്റാണിത്. ലോട്ടറി രംഗത്ത് വൻ തട്ടിപ്പാണ് നടക്കുന്നത്. ചിറ്റൂർ നിയോജകമണ്ഡലത്തിലെ മഴനിഴൽ പ്രദേശങ്ങളിൽ കുടിവെള്ളമെത്തിക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം. ചിറ്റൂർപുഴയിലെ ചെക്ക് ഡാമിനു മുകളിൽ മൂലത്തറയ്ക്ക് താഴെയായി അഞ്ച്-ആറ് ചെക്ക്ഡാമുകൾ നിർമ്മിച്ച് ജലദൗർലഭ്യം

പരിഹരിക്കാൻ നടപടിയുണ്ടാകണം. . ആർ.ബി. കനാൽ വരട്ടയാർ വരെ നീട്ടുന്നതിന് ആവശ്യമായ തുക വകയിരുത്തണം. ഇതിനായി ഭൂമി സൗജന്യമായി നൽകിയ കൃഷിക്കാരുടെ കൃഷിയാവശ്യങ്ങൾക്ക് മാൻഹോളിൽ നിന്ന് വെള്ളം എടുക്കുന്നതിന് അനുവാദം നൽകണം. കൊഴിഞ്ഞാമ്പാറ തുടങ്ങി ജലദൗർലഭ്യമുള്ള പഞ്ചായത്തുകളിൽ കുടിവെള്ളമെത്തിക്കുന്നതിന് 25 ലക്ഷം രൂപ അനുവദിക്കണം. പറമ്പിക്കുളം ആളിയാർ കരാർ പ്രകാരം സംസ്ഥാനത്തിനവകാശപ്പെട്ട വെള്ളം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതോടൊപ്പം കരാർ പുതുക്കുകയും ചെയ്യണം. ഉദ്യോഗസ്ഥരുടെ അനാസ്ഥ കാരണം പദ്ധതിപ്രവർത്തനങ്ങൾ തടസ്സപ്പെടുന്നത് പരിശോധിക്കണം. ജലസേചന വകുപ്പിനെ അഴിമതിരഹിതമാക്കണം. പാലക്കാട് ജില്ലയിൽ നിർമ്മിതി കേന്ദ്രം നടത്തുന്ന പ്രവൃത്തികൾ തമിഴ്നാട്ടിൽ നിന്നും ഗുണനിലവാരമുള്ള മണൽ കൊണ്ടുവന്ന് ചെയ്യണമെന്ന് നിർദ്ദേശം നൽകണം.

<u>ശ്രീ. എസ്. രാജേന്ദ്രൻ:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. എൽ.ഡി.എഫ് സർക്കാരിന്റെ കഴിഞ്ഞ ഒരു വർഷത്തെ നേട്ടങ്ങളെ അംഗീകരിക്കുന്നതിനുപകരം കുറ്റപ്പെടുത്താനുള്ള പ്രതിപക്ഷത്തിന്റെ ശ്രമം ഉപേക്ഷിക്കണം. അനധികൃത ഭൂമി കയ്യേറ്റം ഒഴിപ്പിച്ചതിലൂടെ ആയിരക്കണക്കിന് ഏക്കർ റവന്യൂ ഭൂമിയും വനഭൂമിയും സർക്കാരിൽ നിക്ഷിപ്തമാക്കാൻ സാധിച്ചു. . 'എന്റെ മരം', 'വഴിയോരത്തണൽ' തുടങ്ങിയ പദ്ധതികളിലൂടെ 'വനം നാടിന്റെ സമ്പത്ത്' എന്ന സന്ദേശം സമൂഹത്തിലെത്തിക്കാൻ ഈ സർക്കാരിന് സാധിച്ചു. മുല്ലപ്പെരിയാർ കേരളത്തിന്റേതാണെന്ന് സ്ഥാപിക്കാൻ ഈ സർക്കാരിന് കഴിഞ്ഞുവെന്നത്

ശ്രദ്ധേയമാണ്. ആദിവാസിമേഖലയുടെ വികസനത്തിനായി ഈ ഗവൺമെന്റ് സ്വീകരിച്ച നടപടികളെ പ്രതിപക്ഷം കണ്ടില്ലെന്ന് നടിക്കുന്നത് ശരിയല്ല. ജപ്പാൻ കുടിവെള്ള പദ്ധതി പൂർത്തീകരിക്കാനും ജനപങ്കാളിത്തത്തോടെ ജലനിധി പദ്ധതിയിൽപ്പെടുത്തി 110 പഞ്ചായത്തുകളിൽ 1159 ജലവിതരണ പദ്ധതികൾ നടപ്പിലാക്കാനും സാധിച്ചുവെന്നത് സ്വാഗതാർഹമാണ്. .വർഷങ്ങളായി ഒഴിഞ്ഞുകിടന്നിരുന്ന തസ്തികകളിൽ ഉദ്യോഗസ്ഥരെ നിയമിച്ച് പി.എ.പി.യുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ സാധിച്ചു. അടഞ്ഞുകിടന്നിരുന്ന പല തോട്ടങ്ങളും തുറന്നു പ്രവർത്തിപ്പിക്കാനും തൊഴിലാളികളുടെ ശമ്പള വർദ്ധനവിലൂടെ ഈ മേഖലയിൽ പുത്തനുണർവ്വ് പകരാനും എൽ.ഡി.എഫ്. ഗവൺമെന്റിനു കഴിഞ്ഞു. മൂന്നാർ, കാന്തല്ലൂർ, വട്ടവര, ചിന്നക്കനാൽ തുടങ്ങിയ പ്രദേശങ്ങളിലെ വാമൊഴിപ്പട്ടയം, കുത്തകാവകാശ പട്ടയം തുടങ്ങിയവ റെഗുലറൈസ് ചെയ്ത് കൊടുക്കാൻ സത്വര നടപടികൾ സ്വീകരിക്കണം. കയ്യേറ്റക്കാരെ ഒഴിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ശ്രീ. കെ. രാജു: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ പാലിച്ചുകൊണ്ടാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് മുന്നോട്ടുപോകുന്നത് എന്നത് ഒരു വർഷക്കാലത്തെ പ്രവർത്തനങ്ങൾകൊണ്ട് വിലയിരുത്താൻ കഴിയും. സ്വാശ്രയ വിദ്യാഭ്യാസ നിയമം, കർഷക കടാശ്വാസ നിയമം, ക്ഷീരകർഷകർക്ക് ക്ഷേമനിധി ആനുകൂല്യം, ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റിലെ പതിനായിരത്തോളം തൊഴിലാളികൾക്ക് ക്ഷേമനിധി പെൻഷൻ തുടങ്ങി പല നിയമനിർമ്മാണങ്ങൾ മാതൃകാപരമായി പാസ്സാക്കിയ നടപടികൾ സ്വാഗ

താർഹമാണ്. വിദ്യാർത്ഥികളെ സംയോജിപ്പിച്ചുകൊണ്ടും പൊതുജന പങ്കാളിത്തത്തോടെയും നഷ്ടപ്പെട്ട വനവിസ്തൃതി വീണ്ടെടുക്കാനും സൈലന്റ്‌വാലി ഉദ്യാനത്തിന്റെ മനോഹാരിത നഷ്ടപ്പെടാതെ കാത്തുസൂക്ഷിക്കാനും സാധിച്ചു. 'എന്റെ മരം', 'വഴിയോര പദ്ധതി' തുടങ്ങിയ പദ്ധതികൾ ആവിഷ്ക്കരിച്ചു. സുനാമി, കടലാക്രമണം തുടങ്ങിയവ ഉണ്ടാകുമ്പോൾ രക്ഷ നേടാനായി കാടുകളും വനങ്ങളും വച്ചുപിടിപ്പിക്കാനും വനം മാഫിയ കയ്യേറ്റങ്ങളെ നിയന്ത്രിക്കാനും സാധിച്ചത് സ്വാഗതാർഹമാണ്. ടാറ്റാ ടീ കമ്പനി അനധികൃതമായി കൈവശം വച്ചിരുന്ന ആയിരക്കണക്കിന് ഏക്കർ ഭൂമി തിരിച്ചുപിടിക്കാനുള്ള നോട്ടീസ് കൊടുത്തതിനെ അഭിനന്ദിക്കുന്നു.. ജലസേചന വകുപ്പിലെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തിയും മുല്ലപ്പെരിയാർ ഡാമിന്റെ കാര്യത്തിൽ ഗവൺമെന്റിന്റെ അന്തസ്സും താൽപ്പര്യവും ഉയർത്തിപ്പിടിച്ചും കേരളത്തിന് അനുകൂലമായ വിധി സമ്പാദിക്കാൻ കഴിഞ്ഞു. കുളത്തൂപ്പുഴ കുടിവെള്ള പദ്ധതി നടപ്പിലാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

<u>ശ്രീ. കെ. വി. കുഞ്ഞിരാമൻ</u> : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കയ്യേറ്റ മാഫിയകൾക്കെതിരായി, ജനങ്ങളുടെ ആഗ്രഹങ്ങൾക്കനുസരിച്ച്, ഇച്ഛാശക്തിയോടുകൂടിയുള്ള ഭരണവുമായിട്ടാണ് ഇടതുപക്ഷജനാധിപത്യമു ന്നണി മുന്നോട്ടുപോകുന്നത് എന്നത് അഭിനന്ദനാർഹമാണ്. വനഭൂമി കയ്യേറ്റം, ജല സ്രോതസ്സുകളുടെ സംരക്ഷണം എന്നിവയ്ക്കെല്ലാം നടപടി സ്വീകരിക്കുകയും കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി സംസ്ഥാനത്ത് ചന്ദനത്തൈലം ഉണ്ടാക്കാനാവശ്യമായ അംഗീകാരം നേടിയെടുക്കുകയും ചെയ്തു. പ്രഗൽഭരായ എക്സ്പെർട്ടുകളെ വച്ച് ഒർഡിനൻസിറക്കി ഡാം

സേഫ്റ്റി അതോറിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിച്ചു. മുല്ലപ്പെരിയാറിൽ പുതിയ ഡാം വേണമെന്നുള്ള തീരുമാനമെടുത്തു. ജല-വന സ്രോതസ്സുകളെ സംരക്ഷിക്കാനും ജൈവ ഘടന കാത്തുസൂക്ഷിക്കാനും ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് ആവശ്യമായ സംവിധാനം ഉണ്ടാക്കണം. അനധികൃത കയ്യേറ്റങ്ങൾ തടഞ്ഞതുവഴി വനവിസ്തൃതി വർദ്ധിപ്പിക്കുകയും ജലവിഭവ-ഭവന വകുപ്പുകളിൽ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തതിനെ സ്വാഗതം ചെയ്യുന്നു. ഗവൺമെന്റ് ചെയ്യുന്ന നല്ല കാര്യങ്ങളെ വള ച്ചൊടിക്കുന്ന പ്രതിപക്ഷ സമീപനം ശരിയല്ല. ഇടതുപക്ഷ പ്രസ്ഥാനത്തിന്റെ അടിത്തറ ശക്തമാക്കിക്കൊണ്ട് അതിശക്തമായി അധികാരത്തിൽ വന്ന് ജനങ്ങളുടെ ആശയാഭിലാഷങ്ങൾ കാത്തുസൂക്ഷിക്കുന്ന വിധത്തിലുള്ള കാര്യങ്ങളാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ധനാഭ്യർത്ഥനകളെ എതിർക്കു ന്നു. മറയൂർ ചന്ദന ഡിവിഷനുണ്ടാക്കാനും കമ്പക്കല്ലിൽ കഞ്ചാവ് കൃഷി അവസാനിപ്പിക്കുന്നതിനും മറയൂരിലെ ചന്ദന മോഷണത്തിന്റെ തോത് കുറ യ്ക്കുന്നതിനും, സംസ്ഥാനത്തിന്റെ താൽപ്പര്യം സംരക്ഷിക്കുന്നതിനുവേണ്ടി ഫോറസ്റ്റ് സ്റ്റേഷനുണ്ടാക്കിയതും വനപാലകർക്ക് തോക്ക് കൊടുത്തതും യു.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്താണ്. മുല്ലപ്പെരിയാറിൽ പുതിയ ഡാം നിർമ്മിക്കുകയും പുതിയ കരാറുണ്ടാക്കുകയും വേണം. ആൾ പാർട്ടി കോൺഫറൻസിലെ തീരുമാനവും പുതിയ ഡാം നിർമ്മിച്ച് ജനങ്ങളെ രക്ഷി ക്കണമെന്നു തന്നെയാണ്. വെള്ളത്തിന്റെ ഷെയർ നമുക്കു ലഭിക്കണം. ഇന്നത്തെ സാഹചര്യത്തിൽ ഗവൺമെന്റ് പ്രീ മൺസൂൺ നടപടികളുമായി

മുന്നോട്ടുപോകണം. വെള്ളത്തിന്റെ കാര്യത്തിൽ കേരളത്തിലെ ജനങ്ങൾക്ക് ഒരുമിച്ച് നിൽക്കാനുള്ള സാഹചര്യം ഉണ്ടാക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): ചർച്ചയിൽ പങ്കെടുത്തുകൊണ്ട് നടത്തിയ വിമർശനങ്ങൾക്കും അനുമോദനങ്ങൾക്കും നന്ദി രേഖപ്പെടുത്തുന്നു. ദേശീയ ശരാശരിയേക്കാൾ മെച്ചപ്പെട്ട മഴ ലഭിക്കുന്ന സംസ്ഥാനമാണ് കേരളം. വർദ്ധിച്ച ജനസംഖ്യയ്ക്ക് ആനുപാതികമായി ജലവിഭവ മാനേജ്മെന്റിന്റെ കാര്യത്തിൽ കാലോചിതമായ മാറ്റങ്ങൾ ആവിഷ്ക്കരിച്ച് നടപ്പാക്കേണ്ടത് ഈ കാലഘട്ടത്തിന്റെ പ്രധാനപ്പെട്ട ആവശ്യമായി ഗവണ്മെന്റ് കരുതുന്നു. കേരളത്തിന്റെ മഴ ലഭ്യതയെസംബന്ധിച്ചുള്ള കണക്കുകൾ സൂചിപ്പിക്കുന്നത് ശരാശരി 2 മുതൽ 5 ശതമാനം വരെ മഴ ഓരോ വർഷം കഴിയുന്തോറും ക്രമാനുഗതമായി കുറഞ്ഞുവരുന്നുവെന്നുള്ളതാണ്. ഭൂഗർഭ ജലസമ്പത്തിന്റെ കാര്യത്തിലും നേരിയ തോതിൽ കുറവ് പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്നു. ഈ സാഹചര്യത്തിൽ കേരളത്തിന്റെ ജലവിഭവ സമ്പത്ത് പരമാവധി വിനിയോഗിക്കുന്നതിനുവേണ്ടി സമഗ്രമായ ജലനയം ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. കരട് ജലനയം എത്രയും വേഗം പ്രസിദ്ധീകരിച്ചുകൊണ്ട് കേരളത്തിലെ ജലവിഭവമാനേജ്മെന്റ് കാര്യക്ഷമമാക്കി മാറ്റുന്നതിനാവശ്യമായ നടപടികൾ ഗവണ്മെന്റ് സ്വീകരിക്കുന്നതാണ്. ഇന്നലെ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന മന്ത്രിസഭായോഗത്തിൽ കേരള വാട്ടർ അതോറിറ്റി ജീവനക്കാരുടേയും പെൻഷൻകാരുടേയും ശമ്പള പരിഷ്ക്കരണം നടപ്പാക്കാൻ തീരുമാനിച്ചു. ഇതിന് അധിക ബാദ്ധ്യതയായി പ്രതിവർഷം 24 കോടി രൂപ വേണ്ടിവരും. വാട്ടർ അതോറിറ്റിയുടെ റവന്യൂ കളക്ഷനിൽ കഴിഞ്ഞവർഷം 20 കോടി രൂപയുടെ വർദ്ധനവ് ഉണ്ടാക്കാൻ കഴിഞ്ഞു.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ കണക്കുകൂടി ലഭ്യമാകുമ്പോൾ റിക്കാർഡ് റവന്യൂ കളക്ഷൻ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. 2006-2007 സാമ്പത്തിക വർഷത്തിൽ 22 മേജർ ജല വിതരണ പദ്ധതികളുൾപ്പെടെ 125 കുടിവെള്ള പദ്ധതികളാണ് സംസ്ഥാനത്ത് പൂർത്തിയാക്കിയത്. 22 വൻകിട പദ്ധതികളുൾപ്പെടെ 65 ലക്ഷം പേർക്ക് പുതുതായി കുടിവെള്ളം എത്തിക്കുന്നതിന് സമഗ്രമായ പദ്ധതി പൂർത്തീകരിച്ച് കമ്മിഷൻ ചെയ്യാൻ കഴിഞ്ഞു. 234.6 ദശലക്ഷം ലിറ്റർ ജലം പ്രതിദിനം കൂടുതലായി വിതരണം ചെയ്യാനും 2543 കി.മീ. പുതുതായി പൈപ്പ്ലൈൻ സ്ഥാപിച്ചുകൊണ്ട് ഘടനാപരമായ മാറ്റം കൈവരിക്കാനും സാധിച്ചിട്ടുണ്ട്. . ജപ്പാൻ ബാങ്കിന്റെ സഹായത്തോടുകൂടി ഏതാണ്ട് 2,600 കോടിരൂപ മൊത്തം ചെലവ് പ്രതീക്ഷിക്കുന്ന 41 ലക്ഷം ജനങ്ങൾക്ക് പ്രയോജനം ലഭിക്കുന്ന കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവൃത്തി 2008 ഓഗസ്റ്റ്-സെപ്റ്റംബർ മാസത്തോടുകൂടി പൂർത്തിയാക്കണമെന്നാണ് പ്രതീക്ഷിക്കുന്നത്. 2009-ഓടുകൂടി അത് കമ്മിഷൻ ചെയ്യാൻ കഴിയും. ഏഷ്യൻ വികസന ബാങ്കിന്റേയും ലോക ബാങ്കിന്റേയും സാമ്പത്തിക സഹായത്തോടുകൂടി സുനാമി പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് 4 പഞ്ചായത്തുകൾക്കുവേണ്ടിയുള്ള സമഗ്രമായ കുടിവെള്ള പദ്ധതിയുടെ ടെന്റർ പ്രവൃത്തികൾ പൂർത്തീകരിച്ചുവരുന്നു. വേൾഡ് ബാങ്കിന്റെ സഹായത്തോടുകൂടിയുള്ള ചവറ പന്മന കുടിവെള്ള പദ്ധതികളും കായംകുളം ആറാട്ടുപുഴ പദ്ധതികളും 2008 അവസാനത്തോടുകൂടിയോ 2009 ആദ്യമോ കമ്മിഷൻ ചെയ്യാനാവശ്യമായ പ്രവൃത്തികൾ നടന്നുവരുന്നു. നോട്ട് കവേർഡ് ആന്റ് പാർഷ്യലി കവേർഡ് പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് കഴിഞ്ഞ പ്രാവശ്യം 124 സ്കീമുകൾക്ക് കേന്ദ്ര ഗവൺമെന്റിൽ നിന്ന് അംഗീകാരം ലഭിച്ചു. 24 കോടി രൂപയ്ക്കുള്ള കുട്ടനാട്,

ആലത്തൂർ, പത്തനാപുരം, പുറവത്തൂർ, കടമ്പാട് എന്നീ ശുദ്ധജല വിതരണ പദ്ധതികൾക്ക് കേന്ദ്രത്തിൽ നിന്ന് ഭരണാനുമതി ലഭിക്കുകയും ടെന്റർ നടപടികൾ ആരംഭിക്കുകയും ചെയ്തു. സ്റ്റേറ്റ് ലവൽ സാങ്ഷനിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് 35 പ്രധാനപ്പെട്ട കുടിവെള്ള പദ്ധതികൾകൂടി സമർപ്പിച്ചിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ ശുദ്ധീകരണ ഉൽപ്പാദന ശേഷി പ്രതിദിനം 1635 ദശലക്ഷം ലിറ്ററാണ്. എന്നാൽ വിതരണത്തിന് ലഭ്യമാക്കേണ്ട വെള്ളത്തിന്റെ അളവ് 1,250 ദശലക്ഷം ലിറ്ററും ലഭിക്കുന്ന തുക 143 കോടി രൂപയുമാണ്. പ്രതിവർഷം ട്രാൻസ്മിഷൻ ലോസ് ഇനത്തിൽ വാട്ടർ അതോറിറ്റിക്ക് 43 കോടി രൂപയുടെ നഷ്ടം (33 ശതമാനം) നേരിടുന്നുണ്ട്. അനധികൃതമായ ജലചൂഷണം തടയാൻ കേരള വാട്ടർ സപ്ളൈ ആന്റ് സ്വീവറേജസ് ആക്ട് ഭേദഗതി ചെയ്യാനുള്ള നിയമത്തിന്റെ കരട് പൂർത്തിയാക്കി അടുത്ത സമ്മേളനത്തിൽത്തന്നെ പാസ്സാക്കുന്നതാണ്. ലീക്ക് ഡിറ്റക്ഷൻ ഫലപ്രദമായ നിലയിൽ കണ്ടെത്തി കാലോചിതമായി പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാൻ ശാശ്വതമായ സംവിധാനവും ഈ രംഗത്ത് സ്വീകരിച്ചുവരുന്നു. ആലുവയിലുള്ള റീജിയണൽ ലാബ്, റഫറൽ ലാബായി ഉയർത്തി കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ ഒരു കൺസൾട്ടൻസി വിംഗ് ആരംഭിക്കണമെന്ന തീരുമാനം ഫലപ്രദമായി നടപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു. വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള 102 റവന്യൂ ഓഫീസുകളിൽ എവിടെ വേണമെങ്കിലും ബിൽ പേ ചെയ്യാനും സർവ്വീസ് പ്രയോജനപ്പെടുത്താനും കഴിയുന്ന നിലയിൽ കമ്പ്യൂട്ടർവൽക്കരണ പ്രക്രിയ പൂർത്തീകരിക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. അതിന്റെ ഒന്നാം ഘട്ടം എന്ന നിലയിൽ അബാക്കസ് ഈ വരുന്ന സെപ്റ്റംബർ മാസത്തിനു മുമ്പ് കമ്മിഷൻ ചെയ്ത് ഉത്ഘാടനം ചെയ്യുന്നതാണ്. ഈ സാമ്പത്തിക വർഷത്തിൽ

എംപ്ളോയീസ് ഇൻഫർമേഷൻ സിസ്റ്റം, ഫിനാൻഷ്യൽ അക്കൗണ്ടിംഗ് സിസ്റ്റം, കംപ്ളയിന്റ് റിഡ്രസ്സൽ സിസ്റ്റം, ജ്യോഗ്രഫിക്കൽ ഇൻഫർമേഷൻ സിസ്റ്റം എന്നിവ പൂർത്തിയാക്കുന്നതോടുകൂടി സമ്പൂർണ്ണമായ കമ്പ്യൂ ട്ടർവൽക്കരണ പ്രക്രിയ പ്രാവർത്തികമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കേരള വാട്ടർ അതോറിറ്റി പ്രധാനപ്പെട്ട നിർവ്വഹണ ഏജൻസിയായി നിന്നു കൊണ്ട് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ നടത്തിയ പ്രവർത്ത നങ്ങളുടെ ഭാഗമായി കൊച്ചി കുടിവെള്ള പദ്ധതിക്കുവേണ്ടി 201.17 കോടി രൂപയുടേയും മലിനജല നിവാരണത്തിനുവേണ്ടി 78.41 കോടി രൂപയുടേയും തിരുവനന്തപുരം ഡ്രിങ്കിംഗ് വാട്ടർ സപ്ളൈയ്ക്കു വേണ്ടി 87.16 കോടി രൂപ യുടേയും ഭരണാനുമതി കേന്ദ്രത്തിൽ നിന്ന് ലഭിച്ചത് കഴിഞ്ഞ സാമ്പത്തിക വർഷത്തിലാണ്. വിവിധ വകുപ്പുകളെ ഏകോപിപ്പിക്കുന്നതിലൂടെ ജനങ്ങൾക്ക് പ്രയോജനപ്രദമായ പദ്ധതികൾ നടപ്പാക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നതാണ്. പതിനാല് ജില്ലകളിലും റവന്യൂ അദാലത്തുകൾ സംഘടിപ്പിച്ചുകൊണ്ട് ഗുണപരമായ മാറ്റങ്ങൾ കൈവരിക്കാൻ കഴിഞ്ഞ വർഷം സാധിച്ചിട്ടുണ്ട്. 27 വൻകിട പദ്ധതികൾ ഉൾപ്പെടെ 99 പദ്ധതികൾ ഈ സാമ്പത്തിക വർഷം പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യും. അതിലൂടെ 5.5 ലക്ഷം പേർക്ക് കുടിവെള്ള വിതരണം നടത്താൻ കഴിയും. മാനേജുമെന്റിന്റെ ഘടനയിൽ മാറ്റംവരുത്തി ഒരു പ്രൊഫഷണൽ ഓർഗനൈസേഷനായി കേരള വാട്ടർ അതോറിറ്റിയെ മാറ്റും. ദേശീയ നിലവാരത്തിൽ വാട്ടർ അതോറ്റിയെ ഉയർത്തുന്നതിന് നടപടി സ്വീകരിക്കും. തിരുവനന്തപുരം സിറ്റിയിൽ വാട്ടർ കണക്ഷന് അപേക്ഷിച്ചാൽ 7 ദിവസത്തിനകം കണക്ഷൻ നൽകുന്നതിനുള്ള ഒരു പദ്ധതി ആരംഭിക്കും. കേരള വാട്ടർ അതോറിറ്റിയിൽ ഇ.ടെണ്ടറിംഗ് ഏർപ്പെടുത്തും. റവന്യൂ

അദാലത്തുകൾ സ്ഥിരം സംവിധാനമാക്കും. കേരള വാട്ടർ അതോറിറ്റിയുടെ മുഴുവൻ സമ്പത്തും തിട്ടപ്പെടുത്തുന്നതിന് അസറ്റ് മാപ്പിംഗ് നടത്തും. ഗുരുവായൂർ ശുദ്ധജല വിതരണ പദ്ധതിയുടെ പ്രവർത്തനം ഈ വർഷം ആരംഭിക്കും. ആലപ്പുഴ കുടിവെള്ള പദ്ധതി ഈ സാമ്പത്തിക വർഷം ആരംഭിക്കും. കൊച്ചിൻ ഹഡ്കോ പ്രോജക്ട് എത്രയുംപെട്ടെന്ന് കമ്മീഷൻ ചെയ്യാൻ നടപടി സ്വീകരിക്കും. പമ്പാ ആക്ഷൻ പ്ളാനിന്റെ ആദ്യഘട്ട പ്രവർത്തനം പൂർത്തീകരിച്ചു. രണ്ടാം ഫെയ്സിന്റെ പ്രവർത്തനം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട് പെരിനാട് വടശ്ശേരിക്കട മുതൽ ഏതാണ്ട് എടത്വാവരെയുള്ള പ്രദേശങ്ങളിൽ ഈ പദ്ധതിയുടെ പ്രയോജനം ലഭ്യമാകും. ജലചൂഷണം നിയന്ത്രിക്കുന്നതിന് ധൃതകർമ്മ വിഭാഗത്തിന് രൂപം നൽകും. പമ്പ് സെറ്റ്, മോട്ടോർ, ട്രാൻസ്ഫോർമർ തുടങ്ങിയവയുടെ കേടുപാടുകൾ തീർക്കുന്നതിന് ആന്വൽ മെയിന്റനൻസ് കോൺട്രാക്ട് ഏർപ്പെടുത്തും. ആറാട്ടുപുഴ പദ്ധതിക്ക് 300 കോടി രൂപ സംസ്ഥാന ഗവൺമെന്റിന്റെ കയ്യിലുണ്ട്. 57.71 കിലോമീറ്റർ പുതിയതായി കടൽഭിത്തി ശക്തിപ്പെടുത്തുന്നതിനും നിലവിലുള്ള കടൽഭിത്തി ശക്തിപ്പെടുത്തുന്നതിനും ഈ തുക വിനിയോഗിക്കും. പനത്തുറ കടൽപ്പുറത്ത് ഏതാണ്ട് 10 പുലിമുട്ടുകൾ ചേർത്ത് കടൽഭിത്തി നിർമ്മിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. തീരദേശ വന പദ്ധതി പൂർണ്ണമായി വിജയിച്ചിട്ടില്ല. കടൽത്തീരം സംരക്ഷിക്കുന്നതിന് സമഗ്രമായ പ്രോജക്ട് തയ്യാറാക്കണമെന്ന അഭിപ്രായം സ്വാഗതാർഹമാണ്. കടൽത്തീര സംരക്ഷണത്തിനായി ലഭിച്ച 175 കോടിരൂപ നാല് സ്ഥലങ്ങളിലാണ് ചെലവാക്കേണ്ടത്. എന്നാൽ പദ്ധതി നടപ്പാക്കാനാവശ്യമായ മെറ്റീരിയൽ ലഭ്യമല്ല. ഇതിലേയ്ക്കായി പുലിമുട്ട് ഉപയോഗിക്കാനാണ്

തീരുമാനിച്ചിട്ടുള്ളത്. ആറാട്ടുപുഴ പദ്ധതി വളരെ ഗൗരവത്തോടുകൂടിത്തന്നെ യാണ് ഗവൺമെന്റ് കാണുന്നത്. ഈ വർഷകാലം കഴിഞ്ഞാൽ ഉടൻതന്നെ ആറാട്ടുപുഴയിൽ കടൽ ഭിത്തി നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കും. ആറാട്ടുപുഴക്കുവേണ്ടി മാത്രം 21 കോടി രൂപയാണ് നീക്കിവച്ചിട്ടുള്ളത്. ഗവൺമെന്റിന്റെ പുതിയ നയത്തിന്റെ അടിസ്ഥാനത്തിൽ ഇറിഗേഷൻ വകുപ്പിലെ അനധികൃത കയ്യേറ്റം ഒഴിപ്പിക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട്. ചമ്രവട്ടം റഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണ പ്രവർത്തനം ഈ വർഷം ആരംഭിക്കും. ഇതിന് 10 കോടി 50 ലക്ഷം രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. മൂലത്തറ റൈറ്റ് ബാങ്ക് കനാൽ ആർ.ബി.സി. മുതൽ കോരയാർവരെയുള്ള പ്രദേശങ്ങളിലെ പ്രവൃത്തികൾ പൂർത്തീകരിച്ചു. കോരയാർ മുതൽ വടയാർ വരെയുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ഫാർമേഴ്സ് പാക്കേജിൽ ഉൾപ്പെടുത്തിക്കൊണ്ട് കേന്ദ്ര ഗവൺമെന്റിന് പ്രോജക്ട് സമർപ്പിച്ചിട്ടുണ്ട്. പണം ലഭ്യമാകുന്ന മുറയ്ക്ക് അതിന്റെ പണി ആരംഭിക്കുന്നതാണ്. പാതാളം ലോവർ-കം-റഗുലേറ്ററിന്റെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു. വർഷകാലം കഴിഞ്ഞാൽ പ്രവൃത്തി ആരംഭിക്കും. വെളിയംകോട് ബ്രിഡ്ജ് ആർ.ഐ.ഡി.എഫ്. 6-ൽ ഉൾപ്പെടുത്തിയത് എസ്റ്റിമേറ്റ് റിവിഷന്റെ കാരണത്താൽ നടക്കാതെപോയി. ആർ.ഐ.ഡി.എഫ്. 13-ൽ ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രൊപ്പോസൽ ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. നബാർഡിന്റെ അനുമതി ലഭിച്ചാൽ പണി ആരംഭിക്കുന്നതാണ്. പലകപ്പാണ്ടി, തൃത്താല റഗുലേറ്റർ കം ബ്രിഡ്ജ്, കാരാപ്പുഴ എന്നീ പദ്ധതികൾ ഈ വർഷം കമ്മീഷൻ ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. ബാണാസുരസാഗർ പദ്ധതി 2008 ജൂൺ മാസത്തിൽ ഭാഗികമായി നടപ്പാക്കാൻ സാധിക്കും. മുവാറ്റുപുഴ

നദീതട പദ്ധതി സംബന്ധിച്ച് പ്ലാനിംഗ് ബോർഡുമായി ചർച്ച ചെയ്തു. 2008-09-ൽ പൂർണ്ണമായും കമ്മീഷൻ ചെയ്യാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. മടമ്പ റഗുലേറ്റർ കം ബ്രിഡ്ജ് ഈ വർഷം കമ്മീഷൻ ചെയ്യും. കാസർകോട് വി.സി.സി. ബ്രിഡ്ജിന്റെ പണി ഈ സാമ്പത്തിക വർഷം ആരംഭിക്കും. വിവിധ നിയോജക മണ്ഡലങ്ങളിൽ പൂർത്തിയാക്കുന്ന പദ്ധതികളുടെ ലിസ്റ്റ് ബന്ധപ്പെട്ട എം.എൽ.എ.മാർക്ക് അയച്ചുകൊടുക്കും. വെമ്പായം കൊല്ലമ്പാറ പനവൂർ കുടിവെള്ള പദ്ധതി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. മലമ്പുഴ, കാഞ്ഞിരപ്പുഴ, ചിറ്റൂർപ്പുഴ, ബാണാസുരസാഗർ, കാരാപ്പുഴ എന്നീ പ്രോജക്ടുകൾ കാർഷിക പാക്കേജിൽ ഉൾപ്പെടുത്തി കേന്ദ്ര ഗവൺമെന്റ് പ്ലാനിംഗ് കമ്മീഷന് സമർപ്പിച്ചിട്ടുണ്ട്. കാരാപ്പുഴ പ്രോജക്ടിന് കഴിഞ്ഞ ആഴ്ച 56 കോടി രൂപ അനുവദിച്ചു. മുല്ലപ്പെരിയാറിൽ ഒരു പുതിയ ഡാം നിർമ്മിക്കുന്നത് സംബന്ധിച്ച് പ്രിലിമിനറി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി. ഇതിനായി ഒരു സബ് ഡിവിഷൻ രൂപീകരിച്ച് ഇൻവെസ്റ്റിഗേഷൻ നടത്തി ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചു. ജൂലൈ മാസം 27-ാം തീയതി കോടതിയിൽ ഈ കേസ് വരുന്നുണ്ട്. സമഗ്ര റിപ്പോർട്ട് കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് കേസ് സാധൂകരിക്കാൻ കഴിയും. ജലനിധി പ്രോജക്ട് 1997-ൽ ആരംഭിച്ചതാണ്. ആ പദ്ധതിയുടെ പ്രവർത്തനം തുടരും. സ്വന്തമായി ഏതെങ്കിലും പഞ്ചായത്തിന് ഈ പ്രോജക്ട് നടപ്പാക്കാൻ ശേഷിയുണ്ടെങ്കിൽ അതിന് അനുമതി നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. പൊതു ടാപ് സംവിധാനം സംബന്ധിച്ച് ആവശ്യമായ പണം ബെനിഫിഷറി ഗ്രൂപ്പിന് ബന്ധപ്പെട്ട പഞ്ചായത്തുകൾ അടയ്ക്കുകയാണെങ്കിൽ വേൾഡ് ബാങ്കിന്റെ സ്റ്റിപ്പുലേഷനിൽ ഭേദഗതി

വരുത്താമെന്ന് സമ്മതിച്ചിട്ടുണ്ട്. ഗുണഭോക്തൃ സമിതികളുടെ ഫെഡറേഷൻ രൂപീകരിച്ചുകൊണ്ട്, ഓപ്പറേഷൻ/മെയിന്റനൻസിന്റെ കാര്യത്തിൽ വലിയ തുക ചെലവുവരുന്നത് മീറ്റ് ചെയ്യുന്ന വിധത്തിൽ ജലനിധി പദ്ധതികളിൽ ഭേദഗതി വരുത്തുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്. കേരള വാട്ടർ അതോറിറ്റിയും കേരള റൂറൽ വാട്ടർ സപ്ളൈ ആന്റ് സാനിട്ടേഷൻ ഏജൻസിയും കൂടി ചേർന്ന് വൻകിട ശുദ്ധജല പദ്ധതി നടപ്പാക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ട്. ഭൂഗർഭജല സംരക്ഷണ നിയന്ത്രണ നിയമം അനുസരിച്ച് എത്രമാത്രം ജലം ചൂഷണം ചെയ്യാമെന്നത് സംബന്ധിച്ച് വ്യക്തമായ വ്യവസ്ഥയില്ലാത്തതുകൊണ്ട് നിയമ ഭേദഗതി കൊണ്ടുവരുന്നതിനെക്കുറിച്ച് ഗവൺമെന്റ് അലോചിക്കുകയാണ്. ജലവിഭവ സമ്പത്ത് സംരക്ഷിക്കുന്നതിനും ജലവിനിയോഗം ശാസ്ത്രീയമായി പരിഷ്ക്കരിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ ബിനോയ് വിശ്വം) : ചർച്ചയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങളെ സ്വാഗതം ചെയ്യുകയും വിമർശനങ്ങളെ ഉൾക്കൊള്ളുകയും ചെയ്യുന്നു. വനങ്ങളെ ഭാവിയുടെ സമ്പത്തായി കണ്ട് അവ പരിരക്ഷിക്കുകയാണ് ഗവൺമെന്റ് ചെയ്യുന്നത്. വനമാഫിയകളെ നിയന്ത്രിക്കുന്നതിന് ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. അനധികൃത മരംമുറിക്കൽ നിയന്ത്രിക്കാൻ സാധിച്ചിട്ടുണ്ട്. 2005-ൽ 2496 ചന്ദനമരങ്ങൾ നഷ്ടപ്പെട്ട സ്ഥാനത്ത് 2006-ൽ 77-ഉം 2007-ൽ 27-ഉം മരങ്ങളാണ് നഷ്ടപ്പെട്ടിട്ടുള്ളത്. വനസമ്പത്ത് സംരക്ഷിക്കുക എന്നുള്ളത് കേരളത്തിന്റെ പൊതുതാൽപ്പര്യമാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ജനങ്ങളുടെയും ഉദ്യോഗസ്ഥരുടെയും പങ്കാളിത്തത്തോടുകൂടി

അത് ഉറപ്പാക്കിയിട്ടുണ്ട്. വൃക്ഷസംരക്ഷണ സമിതികൾ വനംകൊള്ളയ്ക്ക് കൂട്ടുനിൽക്കുന്ന സമീപനം ഇന്നില്ല. 2000 മുതൽ 2007 വരെയുള്ള കാലഘട്ടത്തിൽ ഇ.എഫ്.എൽ. കേസ്സുകളിൽ ഉൾപ്പെട്ട 27000 ഏക്കർ ഭൂമിയിന്മേൽ ഗവണ്മെന്റിന് അനുകൂലമായി വിധി സമ്പാദിക്കാൻ കഴിഞ്ഞു. സൈലന്റ് വാലി ബഫർ സോണിന്റെ ഔദ്യോഗിക പ്രഖ്യാപനം ആഗസ്റ്റ് മാസത്തിൽ നടത്തുന്നതാണ്. കേരളത്തിലെ റിസർവ്വ് ഫോറസ്റ്റിന്റെ വിസ്തൃതി വർദ്ധിച്ചു. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം മാങ്കുളത്ത് 22,000 ഏക്കർ റിസർവ്വ് വനമായി പ്രഖ്യാപിച്ചു. ചൂലന്നൂരിൽ 1100 ഏക്കറിൽ ഒരു മയിൽ സാംഗ്ചറി ആരംഭിക്കാനുള്ള നടപടി സ്വീകരിച്ചു. സാമൂഹിക വൃക്ഷവൽക്കരണത്തിന് മാറ്റം കുറിച്ചുകൊണ്ട് 'എന്റെ മരം പദ്ധതിയും തീരങ്ങളുടെ സംരക്ഷണത്തിനുവേണ്ടി തീരവനം പദ്ധതിക്കും തുടക്കം കുറിച്ചു. ഹഡ്കോയുടെ സഹായത്തോടെ ഇ.എം.എസ്. സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ ഭാഗമായി ലക്ഷം വീടുകൾ പുനരുദ്ധരിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. അതിനായി ലോട്ടറി തുടങ്ങുന്നതിനെക്കുറിച്ചും ആലോചിക്കുന്നതാണ്. ദുർബ്ബലജന വിഭാഗങ്ങൾക്കുവേണ്ടി ഹൗസിംഗ് ബോർഡ് വഴി നടപ്പാക്കുന്ന പാർപ്പിട പദ്ധതിക്കായി 11-ാം പദ്ധതിയിൽ 30 കോടി രൂപ മാറ്റിവച്ചിട്ടുണ്ട്. അതിന്റെ ആനുകൂല്യം ദുർബ്ബലവിഭാഗങ്ങളിൽപ്പെട്ട 60,000 പേർക്ക് ലഭിക്കുന്നതാണ്. ഇവരുടെ ഹൗസിംഗ് വായ്പാ കുടിശ്ശികകൾ പൂർണ്ണമായോ ഭാഗീകമായോ എഴുതിത്തള്ളാനായി 29.75 കോടി രൂപ മാറ്റിവച്ചിട്ടുണ്ട്. കേസ്സുകളിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഹൗസിംഗ് ബോർഡിന്റെ പാർപ്പിടങ്ങളുടെ അവകാശപത്രിക ഒരു കൊല്ലം കൊണ്ട് പൂർത്തിയാക്കുന്നതിനുള്ള നടപടിക്ക് അടുത്ത മാസം ആരംഭം കുറിക്കും. തിരുവനന്തപുരത്ത് ഒരു ഹാബിറ്റാറ്റ്

സെന്റർ സമയബന്ധിതമായി ആരംഭിക്കുന്നതാണ്. എം.എൽ.എ.-മാരുടെ ഹൗസിംഗ് സ്കീമിനാവശ്യമായ ഫണ്ട് ധനകാര്യ വകുപ്പിൽ നിന്ന് ഹൗസിംഗ് ബോർഡിനെ ഏൽപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. പത്രപ്രവർത്തകരുടെ ഹൗസിംഗ് സ്കീം പദ്ധതി ഊർജ്ജിതപ്പെടുത്തുന്നതിനു വേണ്ട നടപടി ധനകാര്യ വകുപ്പുമായി ചേർന്ന് നടത്തുന്നതാണ്. ലാറി ബേക്കറിന്റെ നാമധേയത്തിൽ നിർമ്മിതി കേന്ദ്രം പുനരുദ്ധരിക്കുന്നതിനുള്ള നടപടി സ്വീകരിക്കും. നിർമ്മിതികേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നിർമ്മാണ തൊഴിലാളികൾക്ക് മൂന്ന് മാസത്തെ കോഴ്സ് സർട്ടിഫിക്കറ്റ് കൊടുക്കുന്നതിനുള്ള നടപടികൾക്ക് ഗവണ്മെന്റ് ആരംഭം കുറിക്കും. പട്ടികജാതി ക്ഷേമവകുപ്പും ഭവനനിർമ്മാണ വകുപ്പും ചേർന്ന് പട്ടികജാതിയിലുള്ള ഏറ്റവും പാവപ്പെട്ടവർക്ക് 5,000 വീടുകൾ വരുന്ന ആറ് മാസം കൊണ്ട് കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. വനരംഗത്തും പാർപ്പിടരംഗത്തും ക്ഷേമപ്രവർത്തനങ്ങൾ നടത്തുന്നതിനായി എല്ലാവരുടെയും സഹായം അഭ്യർത്ഥിക്കുന്നു. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയും ഭവന നിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയും 29-നെതിരെ 83 വോട്ടുകളോടെയും വനം എന്ന

XXXIV-ാം നമ്പർ ധനാഭ്യർത്ഥന 29-നെതിരെ 84 വോട്ടുകളോടെയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

## അറിയിപ്പ്

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): റെയിൽവേ ചീഫ് എഞ്ചിനീയറുടെ ഓഫീസ് തിരുവനന്തപുരത്തുനിന്നും ചെന്നൈയിലേയ്ക്ക് മാറ്റുന്നതിനുള്ള തീരുമാനം റദ്ദ് ചെയ്തിരിക്കുന്നതായി റെയിൽവേ ബോർഡ് അറിയിച്ചിരിക്കുന്നു.

## ചട്ടം 130 അനുസരിച്ചുള്ള ഉപക്ഷേപം

ശ്രീ. കെ.സി. ജോസഫ്: "സംസ്ഥാനത്ത് ഇക്കഴിഞ്ഞ ഒരു മാസക്കാലയളവിൽ നിരവധിയാളുകൾക്ക് പകർച്ചപ്പനി, ചിക്കുൻഗുനിയ, ഡെങ്കിപ്പനി മുതലായ രോഗങ്ങൾ പിടിപെടുകയും ഏതാനും പേർ മരിക്കുകയും ചെയ്തിരിക്കുകയാണ്. ഈ മാരക രോഗങ്ങളുടെ നിവാരണത്തിനും പ്രതിരോധത്തിനും ഫലപ്രദമായ അടിയന്തിര നടപടികളും മാലിന്യ നിർമ്മാർജ്ജനത്തിന് ആവശ്യമായ തുടർ നടപടികളും ദീർഘകാലാടിസ്ഥാനത്തിൽ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ഈ സഭ ചർച്ച ചെയ്യണം." എന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു. പകർച്ചപ്പനിമൂലമുള്ള മരണനിരക്ക് കുറഞ്ഞിട്ടുണ്ടെങ്കിലും നിയന്ത്രണവിധേയമല്ല. ഈ ഗുരുതരമായ സാഹചര്യത്തിന് പരിഹാരമുണ്ടാക്കാനുള്ള കൂട്ടായ ശ്രമങ്ങൾ ആരംഭിക്കണം. വിദ്യാഭ്യാസ രംഗത്തും ആരോഗ്യ രംഗത്തും വികാസംപ്രാപിച്ച രാജ്യങ്ങൾക്ക് മാതൃകയായിരുന്ന കേരളത്തിന്റെ സ്ഥിതി ഇന്ന് ദയനീയമാണ്. രോഗബാധിതരായി മരണമടഞ്ഞവരുടെ കുടുംബങ്ങൾക്ക് ഒരു ലക്ഷം രൂപയുടെ സഹായധനം

നൽകണം. ചിക്കുൻഗുനിയ ബാധിച്ച ആളുകളുടെ മരണസംഖ്യ ഇപ്പോഴും വർദ്ധിച്ചുകൊണ്ടിരിക്കുന്നു. തിരുവനന്തപുരം ജില്ലയിൽമാത്രം 79 പേർക്ക് ചിക്കുൻഗുനിയ രോഗം ബാധിച്ചതായി സ്ഥിരീകരിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പ് മരണസംഖ്യ കുറച്ചുകാണിക്കുന്നതിൽ ന്യായീകരണമില്ല. വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ രക്ത പരിശോധനയ്ക്ക് ആവശ്യമായ കിറ്റ് ലഭ്യമാക്കണം. രോഗലക്ഷണങ്ങൾ കണ്ടെത്തി ചികിത്സിക്കാൻ തയ്യാറാകണം. ചേർത്തല താലൂക്കിൽ ഈ മേഖലയ്ക്ക് അലോട്ടുചെയ്ത പണം ചെലവഴിച്ചിട്ടില്ലെന്ന വസ്തുത നിഷേധിക്കാനാവില്ല. മലയോര മേഖലകളിലെ ആശുപത്രികളിൽ ആവശ്യമായ ഡോക്ടർമാരെ നിയമിക്കണം . നാഷണൽ റൂറൽ ഹെൽത്ത് മിഷൻ പദ്ധതി നടപ്പിലാക്കുന്നതിലുണ്ടായ വീഴ്ച പരിശോധിക്കണം. കലാമിറ്റിയുണ്ടായാൽ അത് നേരിടുന്നതിനായി ആശുപത്രികളിൽ ഒരു ഡിസാസ്റ്റർ മാനേജുമെന്റ് പ്ലാൻ വേണം. കേരളത്തിലെ പി.എച്ച്.സി.കളിലും ജില്ലാ ആശുപത്രികളിലും 50 ശതമാനത്തോളം കെട്ടിടങ്ങൾ ഒഴിഞ്ഞുകിടക്കുന്നതായി ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്സിന്റെ പഠന റിപ്പോർട്ടിൽ തെളിഞ്ഞ സാഹചര്യത്തിൽ നാഷണൽ ഹെൽത്ത് മിഷൻ വഴി നൽകിയ പണം കെട്ടിടങ്ങളുണ്ടാക്കാൻ ചെലവഴിക്കാതെ ആവശ്യമായ ഡോക്ടർമാരേയും പാരാമെഡിക്കൽ സ്റ്റാഫിനേയും നഴ്സുമാരേയും നിയമിക്കുന്നതിനും മരുന്ന് ലഭ്യമാക്കുന്നതിനും പോരായ്മകൾ പരിഹരിക്കുന്നതിനും വിനിയോഗിക്കണം. സമഗ്രമായ ഒരു ആരോഗ്യനയം കേരളത്തിലുണ്ടാകണം. രോഗബാധിത പ്രദേശങ്ങളിൽ അനുവദിക്കുന്ന സൗജന്യ റേഷന്റെ കാലാവധിയും അളവും വെട്ടിക്കുറയ്ക്കുന്നത് ശരിയല്ല. പഞ്ചായത്തുകളിൽ മാലിന്യനിർമ്മാർജ്ജനം ഫലപ്രദമായി നടക്കുന്നുണ്ടോ എന്ന് പരിശോധിക്കണം.

ശ്രീ. രാജു എബ്രഹാം: റാന്നിയിൽ ഇതിനകം ഒരുലക്ഷം ആളുകൾ ചിക്കുൻഗുനിയരോഗം ബാധിച്ച് സ്വകാര്യ ആശുപത്രികളിലും സർക്കാർ ആശുപത്രികളിലുമായി ചികിത്സയിലാണ്. ഇതുമൂലം മരിച്ചവരിൽ ന്യുമോണിയ, ഹൃദയസംബന്ധമായ അസുഖം എന്നിവയുള്ളതായാണ് കണ്ടെത്തിയിട്ടുള്ളത്. ആയുർവേദ-അലോപ്പതി-ഹോമിയോ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ച് രോഗപ്രതിരോധ പ്രവർത്തനങ്ങൾ നടത്താൻ ഈ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. ചില സ്വകാര്യ ആശുപത്രികളും ഇക്കാര്യത്തിൽ സഹകരിച്ചിട്ടുണ്ട് എന്നത് ശ്രദ്ധേയമാണ്. ജനപ്രതിനിധികൾ ശുപാർശ ചെയ്യുന്ന മുഴുവൻ കേസുകളിലും സൗജന്യറേഷൻ കൊടുക്കുന്നതിനുള്ള തീരുമാനം സ്വാഗതാർഹമാണ്. . ജനങ്ങളിൽ ആത്മവിശ്വാസം ഉണർത്തുന്നതിന് ഈ ഗവൺമെന്റ് പട്ടാളക്കാരുടെ ക്യാമ്പുകൾ സംഘടിപ്പിച്ചത് ശ്ലാഘനീയമാണ്. മലയോരമേഖലകളിൽ ഫോഗിംഗ് ഉൾപ്പെടെ യുദ്ധകാലാടിസ്ഥാനത്തിൽ സഹായമെത്തിച്ച് രോഗം നിയന്ത്രണവിധേയമാക്കാൻ കഴിഞ്ഞു. കേരളത്തിലെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം ശക്തമാക്കണം. രോഗബാധിതപ്രദേശങ്ങളിലെ പി.എച്ച്.സി.- സി.എച്ച്.സി.കളിൽ ഐ.പി. യൂണിറ്റുകൾ ആരംഭിച്ച് യുദ്ധകാലാടിസ്ഥാനത്തിൽ ചികിത്സയെത്തിക്കാൻ കഴിഞ്ഞു. ഈ രംഗത്ത് ഡോക്ടർമാരും പാരാമെഡിക്കൽ സ്റ്റാഫും നഴ്സുമാരും അനുഷ്ഠിച്ചിട്ടുള്ള സേവനം പ്രശംസനീയമാണ്. ഈ ക്രൈസിസ് നേരിടുന്നതിന് ജില്ലകളിൽ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മന്ത്രിമാരെ പങ്കെടുപ്പിച്ച് സർവ്വകക്ഷിയോഗം സംഘടിപ്പിക്കുകയുണ്ടായി. 1471 ഹെൽത്ത് ഇൻസ്പെക്ടർമാരെ പ്രശ്നബാധിത സ്ഥലങ്ങളിൽ നിയോഗിച്ചിട്ടുണ്ട്. എൻ.ആർ.എച്ച്.എം. ഫണ്ടിൽ നിന്നും പി.എച്ച്.സി.കൾക്ക് ഒരു ലക്ഷം രൂപയും വാർഡുകൾക്ക് 5000 രൂപയുംവീതം പ്രതിരോധ പ്രവർത്തന

ങ്ങൾക്കായി കൊടുത്തിട്ടുണ്ട്. കേരളത്തിലെ കാർഷിക മേഖലകളിൽ കീടനാശിനി അമിതമായി ഉപയോഗിക്കുന്നത് കർശനമായി നിയന്ത്രിക്കണം. മലിനീകരണ സംവിധാനങ്ങൾ നടപ്പാക്കാത്ത പഞ്ചായത്ത്/മുനിസിപ്പാലിറ്റി അധികാരികൾക്കെതിരെ ക്രിമിനൽ കേസ്സെടുക്കുന്നതിന് നിയമനിർമ്മാണ മുണ്ടാക്കണം. മാലിന്യ നിർമ്മാർജ്ജനത്തിനു ഗവൺമെന്റ് മുൻകൈ എടുക്കണം.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u>: സാംക്രമികരോഗങ്ങൾ പടർന്നു പിടിക്കുമ്പോൾ യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിക്കണം. സാധാരണ പകർച്ചപ്പനിയായി ചിക്കുൻഗുനിയയെ കാണാൻ ശ്രമിക്കരുത്. കോട്ടയം ജില്ലയിൽ 98 ശതമാനം ആളുകൾക്കും ചിക്കുൻഗുനിയ ബാധിച്ചതായിട്ടാണ് റിപ്പോർട്ടുകൾ കാണിക്കുന്നത്. ചിക്കുൻഗുനിയ രോഗ നിർണ്ണയ രക്ത പരിശോധനാ ഫീസ് പാവപ്പെട്ട . രോഗികൾക്ക് താങ്ങാനാവുന്നതല്ല. മാലിന്യ നിർമ്മാർജ്ജനത്തിനായി അടിയന്തിര നിയമനിർമ്മാണം കൊണ്ടു വരണം. മാലിന്യങ്ങൾ സംസ്ക്കരിക്കാനുള്ള സൗകര്യങ്ങൾ ഇല്ലാത്ത അറവുശാലകൾക്ക് ലൈസൻസ് കൊടുക്കരുത്. ചിക്കുൻഗുനിയ പോലുള്ള പകർച്ചവ്യാധികൾക്കെതിരെ അധികാരികളും ജനങ്ങളും ഒന്നടങ്കം ഉണർന്നു പ്രവർത്തിക്കണം.

<u>ശ്രീ. പി. തിലോത്തമൻ:</u> ഇപ്പോൾ പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിലാണ് ചിക്കുൻഗുനിയ രോഗം പടർന്നുപിടിച്ചത്. . ഗവൺമെന്റ് സന്ദർഭത്തിനൊത്ത് ഉണർന്നു പ്രവർത്തിച്ചതിന്റെ ഫലമായി ഇതു നിയന്ത്രണവിധേയമായിട്ടുണ്ട്. . രോഗ പ്രതിരോധശേഷി കുറഞ്ഞവരിലും മറ്റു രോഗങ്ങൾ ഉള്ളവരിലുമാണ് ചിക്കുൻഗുനിയ മരണത്തിനു കാരണമാകുന്നത്. ആരോഗ്യമേഖലയും സന്നദ്ധസംഘടനകളും

ജാഗ്രതയോടുകൂടി പ്രവർത്തിച്ചതിന്റെ ഫലമായി ഈ രോഗം ആദ്യം പടർന്നു പിടിച്ച ചേർത്തലയിൽ നിയന്ത്രണവിധേയമാക്കാൻ കഴിഞ്ഞു. ആലപ്പുഴയ്ക്കു പ്രത്യേക പരിഗണന കൊടുത്ത് എൻ. ആർ.എച്ച്. എം.-ന്റെ സഹായത്തോടെ ഓരോ വാർഡുകൾക്കും 10,000 രൂപ വീതം അനുവദിക്കുകയും പഞ്ചായത്തു മെമ്പർമാർ ചെയർമാൻമാരായും ജെ.പി.എച്ച്.എൻ.മാർ കൺവീനർമാരായും ജാഗ്രതാ സമിതികൾ രൂപീകരിക്കുകയും ചെയ്തു. കൊതുകു നിവാരണത്തിനായി ഫോഗിംഗ് സംഘടിപ്പിച്ചു രോഗം പരത്തുന്ന കൊതുകുകളെ നശിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ കേരളത്തിലെ മുഴുവൻ ജനങ്ങളും ഏർപ്പെട്ടാൽ ചിക്കുൻ ഗുനിയ തുടങ്ങിയ പകർച്ചവ്യാധികൾ പ്രതിരോധിക്കാൻ കഴിയും.

<u>ശ്രീ. തോമസ് ചാഴികാടൻ:</u> രോഗപ്രതിരോധശേഷി കുറഞ്ഞവർക്ക് ചിക്കുൻഗുനിയ രോഗം വന്നാൽ മരണപ്പെടാൻ സാദ്ധ്യതയുണ്ടെന്നുള്ള കാര്യം വളരെ ലാഘവബുദ്ധിയോടെ കാണുന്നത് ശരിയല്ല. മാലിന്യസംസ്ക്കരണം സ്വന്തം ഉത്തരവാദിത്വമാണെന്ന ബോധം കേരളത്തിലെ ജനങ്ങളിൽ വളർത്തിയെടുക്കണം.. ചിക്കുൻഗുനിയയ്ക്കെതിരെ പ്രതിരോധ നടപടികൾ സ്വീകരിക്കണം. കഴിഞ്ഞ വർഷം ആലപ്പുഴ ജില്ലയിൽ ചിക്കുൻഗുനിയ രോഗം ബാധിച്ചു മരണമടഞ്ഞവരുടെ ആശ്രിതർക്ക് 25,000 രൂപ നഷ്ടപരിഹാരം നൽകി... ചിക്കുൻഗുനിയ രോഗം ബാധിച്ച് മരണമടഞ്ഞ മുഴുവൻ ആളുകളുടെ ആശ്രിതർക്കും ധനസഹായം നൽകാനുള്ള നടപടികൾ സ്വീകരിക്കണം. രണ്ടാഴ്ചത്തെ സൗജന്യ റേഷൻ അടിയന്തിരമായി അനുവദിക്കണം. റേഷൻ കിട്ടുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കണം. രോഗം ബാധിച്ച് ജോലി ചെയ്യാൻ കഴിവില്ലാത്തവർക്ക് ധനസഹായം നൽകുന്നതിനും രോഗം

ബാധിച്ച പാവപ്പെട്ടവരെ രക്ഷിക്കാനുള്ള ദീർഘകാല പദ്ധതികൾക്ക് രൂപം നൽകണം. ഇക്കാര്യത്തിൽ പഞ്ചായത്തുകളെ സ്ട്രെങ്ത്തൻ ചെയ്യാനുള്ള നടപടികൾ സ്വീകരിക്കണം..

ശ്രീ. വി. സുരേന്ദ്രൻപിള്ള: ചിക്കുൻഗുനിയ രോഗം പടർന്നു പിടിച്ചപ്പോൾ ആരോഗ്യമേഖലയും ജനങ്ങളും സന്നദ്ധ സംഘടനകളും ഉണർന്നു പ്രവർത്തിപ്പിക്കുകയും നിയമതടസ്സങ്ങൾ ഉണ്ടായിട്ടും എൻ.ആർ.എച്ച്.എം.ന്റെ ഫണ്ടുകൾ യഥാസമയം വിനിയോഗിച്ച് പ്രതിരോധ പ്രവർത്തനങ്ങൾ വിജയകരമായി നടത്തുകയും ചെയ്തു. ഒരോ നിയോജകമണ്ഡലത്തിനും ഒരു ലക്ഷം രൂപ വീതം അനുവദിച്ചു. കോർപ്പറേഷൻ കൗൺസിലർമാർ കൺവീനർമാരായി 10,000 രൂപ ഓരോ വാർഡുകൾക്കും നൽകിക്കൊണ്ട് പ്രതിരോധ പ്രവർത്തനങ്ങൾ നടത്താൻ തീരുമാനമെടുത്തു. പ്രതിരോധ പ്രവർത്തനങ്ങളിൽ വീഴ്ച വരുത്തുന്നവർക്കെതിരെ ശിക്ഷാ നടപടി സ്വീകരിക്കണം.

ശ്രീ. പി.സി. ജോർജ്: കാഞ്ഞിരപ്പള്ളി-പൂഞ്ഞാർ ഭാഗങ്ങളിൽ ചിക്കുൻഗുനിയ, ഡങ്കിപ്പനി, മഞ്ഞപ്പിത്തം, മലേറിയ, എലിപ്പനി തുടങ്ങിയ പകർച്ചവ്യാധികൾ പിടിപെട്ട് കുറച്ചാളുകൾ മരണമടയുകയും. ബഹുഭൂരിപക്ഷം ആളുകൾക്കും രോഗം ബാധിക്കുകയും ചെയ്തു. ആരോഗ്യ വകുപ്പുമന്ത്രിയും ആരോഗ്യമേഖലയും വളരെ സജീവമായി രംഗത്തിറങ്ങിയതിന്റെ ഫലമായി ഈ രംഗത്ത് അഭൂതപൂർവ്വമായ മാറ്റങ്ങളുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്നവരിലൂടെയാണ് ഈ രോഗാണുക്കൾ. ഇവിടെ എത്തുന്നത്. എന്നുള്ള സംശയമുണ്ട്. രോഗം വരാതിരിക്കാൻ എന്തുചെയ്യണമെന്നുള്ളതിനെക്കുറിച്ച് ആലോചിക്കണം. കാഞ്ഞിരപ്പള്ളി, പൂഞ്ഞാർ ഭാഗങ്ങളിൽ ജോലി

ചെയ്യുന്ന ഡോക്ടർമാരേയും മറ്റു സ്റ്റാഫുകളേയും ഒരു കാരണവശാലും സ്ഥലം മാറ്റരുത്. സ്വകാര്യ. ആശുപത്രികളുടെ സഹകരണം ഈ രംഗത്ത് ലഭ്യമാക്കണം. സൗജന്യറേഷൻ ശരിയായ രീതിയിൽ ഇനിയും ജനങ്ങൾക്ക് എത്തിയിട്ടില്ല. എന്നത് ഒരു ദു:ഖസത്യമാണ്.

ശ്രീ. എ.എ. അസീസ്: ചിക്കുൻഗുനിയ രോഗത്തിനെതിരെ വിവിധ ഡിപ്പാർട്ടുമെന്റുകളുടെ കോ-ഓർഡിനേഷനോടുകൂടി എല്ലാ ജില്ലകളിലും ഗ്രാമങ്ങളിലും പ്രതിരോധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാൻ നടപടികൾ സ്വീകരിച്ചു എന്നത് സ്വാഗതാർഹമായ കാര്യമാണ്. ഡോക്ടർമാരുടെ അഭാവം നികത്താൻ സർവ്വീസിലുള്ള ഡോക്ടർമാരെ എല്ലാ പി.എച്ച്.സി.കളിലും സി.എച്ച്.സി.കളിലും വിന്യസിക്കാനുള്ള പ്രവർത്തനങ്ങളാണ് ഇപ്പോൾ നടക്കുന്നത്. ഡോക്ടർമാരുടെ ശമ്പളക്കുറവു പരിഹരിക്കണം. ഡോക്ടർമാരുടെ തസ്തികകൾ എത്രയും പെട്ടെന്നു നികത്താനുള്ള നടപടികൾ സ്വീകരിക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളിൽ അടിയന്തിരമായി ഫോഗിംഗ് മെഷീനുകൾ വാങ്ങാനുള്ള സംവിധാനം ഏർപ്പെടുത്തണം. കുടുംബശ്രീ യൂണിറ്റുകളേയും റസിഡൻസ് അസോസിയേഷനുകളേയും വിശ്വാസത്തിൽ എടുത്തുകൊണ്ട് മലിനീകരണപ്രവർത്തനങ്ങളിൽ ജനങ്ങളെ ബോധവൽക്കരിക്കാനുള്ള നടപടികൾ സ്വീകരിക്കണം.

ശ്രീ. അൽഫോൺസ് കണ്ണന്താനം: കാഞ്ഞിരപ്പള്ളി മണ്ഡലത്തിലാണ് രോഗം പടർന്നുപിടിച്ചിട്ടുള്ളത്. ഈ സാഹചര്യത്തിൽ അവിടെയുള്ള ജനങ്ങളുടെയും രാഷ്ട്രീയപ്പാർട്ടികളുടെയും സഹായത്തോടെ കാഞ്ഞിരപ്പള്ളിയിലെ ചിറ്റാർപുഴയിലെ മാലിന്യങ്ങളും അറവുശാലകളിലെ മാലിന്യങ്ങളും മറ്റും നീക്കം ചെയ്ത് മനോഹരമായ നഗരമാക്കി മാറ്റുകയും

ചെയ്തു. ഈ സംവിധാനങ്ങൾ വ്യാപകമാക്കിയാൽ കേരളത്തിൽ നിന്നും പകർച്ചവ്യാധികളെ ഉൻമൂലനം ചെയ്യാൻ സാധിക്കും. മാലിന്യനിർമ്മാജ്ജന യജ്ഞത്തിൽ വിമുഖത കാണിക്കുന്ന ഉദ്യോഗസ്ഥരുടെ പേരിൽ ക്രിമിനൽ നടപടികളെടുക്കണം. ഹോട്ടലുകളിൽ പരിശോധന നടത്തി ഖരമാലിന്യങ്ങളും ദ്രവമാലിന്യങ്ങളും സംസ്ക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. ശുചിത്വപരിപാലന രംഗത്ത് വീഴ്ച വരുത്തുന്ന ഹോട്ടലുടമകളുടെ കടകൾ സീൽ ചെയ്യണം.

ശ്രീ. വി. എൻ. വാസവൻ: സംസ്ഥാനത്ത് പടർന്നുപിടിച്ച പകർച്ചപ്പനി നേരിടുന്നതിന് യുദ്ധകാലാടിസ്ഥാനത്തിൽ പ്രവർത്തിച്ച സംസ്ഥാനഗവൺമെന്റിനേയും ആരോഗ്യവകുപ്പിനേയും പ്രത്യേകം അഭിനന്ദിക്കുകയാണ്. പത്തനംതിട്ട, മുണ്ടക്കയം, പൂഞ്ഞാർ, കോട്ടയം, കുമരകം, പാമ്പാടി, ഏറ്റുമാനൂർ, പാലാ തുടങ്ങിയ സ്ഥലങ്ങളിലാകെ ചിക്കുൻ ഗുനിയ വ്യാപിച്ചിരുന്നു. കോട്ടയം ജില്ലയിൽ മാത്രം 2 ലക്ഷത്തിൽപ്പരം ആളുകൾക്കും സംസ്ഥാനത്താകെ 18 ലക്ഷത്തിൽപ്പരം ആളുകൾക്കും ഈ പനി ബാധിച്ചതായി സ്ഥിരീകരിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ആരോഗ്യവകുപ്പ് സ്വീകരിച്ച മാർഗ്ഗങ്ങൾ ഇന്ത്യക്ക് മാതൃകയാണ്. എം.എൽ.എ.മാരുടേയും പഞ്ചായത്ത് പ്രസിഡന്റുമാരുടേയും സന്നദ്ധ സംഘടനകളുടേയും യോഗങ്ങൾ വിളിച്ചുകൂട്ടിയും അലോപ്പതി, ആയുർവേദം, ഹോമിയോ എന്നീ മൂന്നു വകുപ്പുകളും കൂട്ടിച്ചേർത്ത് 353-ൽപ്പരം ക്യാമ്പുകൾ സംഘടിപ്പിച്ചും 24 മണിക്കൂറും സേവന സന്നദ്ധരായി പ്രവർത്തിച്ചും ഈ രോഗനിവാരണത്തിനായി ആരോഗ്യവകുപ്പ് അക്ഷീണം യത്നിച്ചിട്ടുണ്ട്. കോട്ടയം ജില്ലയിൽ മാത്രം 51,000 പേർക്ക് സൗജന്യ റേഷൻ നൽകിയതായി

കണക്കുകൾ സൂചിപ്പിക്കുന്നുണ്ട്. ആരോഗ്യവകുപ്പിലെ ഡോക്ടർമാരുടെ നിസ്തുലമായ സേവനം പ്രത്യേകം എടുത്തുപറയേണ്ടതാണ്. കോട്ടയം ജില്ലയിൽ ആരോഗ്യവകുപ്പുമന്ത്രിയും ഹെൽത്ത് സെക്രട്ടറിയുടെ നേതൃത്വത്തിൽ എൻ.ആർ.എച്ച്.എം. സ്പെഷ്യൽ സെക്രട്ടറി, ഡി.എച്ച്.എസ്, അഡീഷണൽ ഡയറക്ടർമാർ, സ്വകാര്യ ഡോക്ടർമാർ ഉൾപ്പെടെയുള്ള ഡോക്ടർ എന്നിവരുടെ സുദീർഘമായ സേവനം ഇതിനുപയോഗിച്ചിരുന്നു. മൊബൈൽ ആശുപത്രിയും 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ യൂണിറ്റും അവിടെ ഫംഗ്ഷൻ ചെയ്തിരുന്നു. കോട്ടയം ജില്ലാ ആശുപത്രിയിലും കുമരകം ആശുപത്രിയിലും മറ്റും ഈ രോഗം ഉണ്ടായ അന്നുമുതൽ കഞ്ഞിവെച്ച് കൊടുക്കാനുള്ള അരി സംഭരിച്ചുകൊടുക്കുകയും മറ്റും ചെയ്തുവരുന്നുണ്ട്. പ്ലാന്റേഷൻ മേഖലയിൽ മാത്രമാണ് ഈ രോഗം പരക്കുന്നതെന്ന ഡോക്ടർമാരുടെ വാദം ശരിയല്ല. എല്ലാ റബ്ബർമരങ്ങളിലും ഇപ്പോൾ റെയിൻ ഗാർഡ് ഉപയോഗിക്കുന്നതിനാൽ ചിരട്ടയിൽ വെള്ളം കെട്ടിനിൽക്കുന്നതു കൊണ്ട് കൊതുക് വളർന്ന് ഈ രോഗം പരത്തുന്നു എന്ന് കരുതാൻ കഴിയില്ല. ഇക്കാര്യത്തെ സംബന്ധിച്ച് ഒരു റിസർച്ച് അത്യാവശ്യമാണ്. വൈറോളജി ഇൻസ്റ്റിസ്റ്റ്യൂട്ട് കൊണ്ടുമാത്രം ഈ പ്രശ്നത്തിന് പരിഹാരം കണ്ടെത്താൻ കഴിയാത്തതിനാൽ കോട്ടയം കേന്ദ്രീകരിച്ച് റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എപ്പിഡെമിക് മാനേജ്മെന്റ് സ്ഥാപിച്ച് കൂടുതൽ ഗവേഷണം നടത്താനുള്ള അവസരം സൃഷ്ടിക്കണം. ഹെൽത്ത് ആന്റ് സാനിട്ടേഷൻ പ്രോഗ്രാം കോട്ടയം ജില്ലയിൽ ഫലപ്രദമായി നടന്നുവരുന്നുണ്ട്. വിദ്യാഭ്യാസ വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും ആരോഗ്യ വകുപ്പും സംയുക്തമായും മറ്റ് സന്നദ്ധ സംഘടനകളെ കൂട്ടിയോജിപ്പിച്ച് ആരോഗ്യമേഖല സംഘടിപ്പിക്കുന്ന എൻ.ആർ.എച്ച്.എം.-ന്റെ

പ്രോഗ്രാം അവയർനെസ് പ്രോഗ്രാമായി നടത്തണം. പ്രതിരോധ പ്രവർത്തനങ്ങൾക്ക് കരുത്താർജ്ജിക്കുന്നതിന് ജില്ലാടിസ്ഥാനത്തിൽ മോണിറ്ററിംഗ് സംവിധാനമുണ്ടാക്കണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: എൻ.ആർ.എച്ച്.എം.സ്കീം അനുസരിച്ച് 2005-2006-ൽ കേന്ദ്ര ഗവൺമെന്റ് സെലക്ട് ചെയ്ത 18 സംസ്ഥാനങ്ങളിൽ കേരളം ഫോക്കസ് പോയിന്റ് ആയിരുന്നില്ല. എന്നാൽ 2006-07 വർഷത്തിൽ കേരളം എൻ.ആർ.എച്ച്.എം.സ്കീമിന്റെ സപ്പോർട്ട് കിട്ടുന്ന സ്ഥിതിയിലേയ്ക്ക് എത്തിയിരുന്നു. ആരോഗ്യ വകുപ്പിൽ കഴിഞ്ഞ മാർച്ച് മാസത്തിലെ കണക്കുപ്രകാരം 20 ലക്ഷം രൂപ വേസ്റ്റ് ഡിസ്പോസലിന് മാത്രം ലാപ്സായിപ്പോയിട്ടുണ്ട്. വേസ്റ്റ് ഡിസ്പോസൽ പ്രധാന പ്രശ്നമായിരിക്കേ അനുവദിച്ച ഫണ്ട് ലാപ്സാക്കാതെ ക്രിയാത്മകമായ സമീപനം ഇക്കാര്യത്തിൽ കൈക്കൊള്ളണം. മാരകമായ രോഗത്തിന്റെ താണ്ഡവ സ്ഥിതിയിലും ആശുപത്രികളിൽ ഡോക്ടർമാരുടെ ഒഴിവുകൾ നികത്താതെ കിടക്കുന്ന അവസ്ഥയുണ്ടായിട്ടുണ്ട്. പകർച്ചപ്പനിക്കെതിരെ സന്നദ്ധ സംഘടനകൾ ഒരുപാട് കാര്യങ്ങൾ ചെയ്തിട്ടുണ്ട്. എല്ലാ ജില്ലകളിലേയും പനിബാധിച്ചിട്ടുള്ള വാർഡുകളിൽ ഫണ്ട് യൂട്ടിലൈസേഷൻ 20,000 രൂപയുണ്ടെങ്കിലും 5000 രൂപകൊടുക്കാനാണ് സർക്കാർ ഉത്തരവായത്. അത് അപര്യാപ്തമാണ്. എൻ.അർ.എച്ച്. എം. കമ്മിറ്റി എല്ലായിടത്തും രൂപീകരിച്ചെങ്കിലും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും ഡി.എം.ഒ.മെമ്പറുമാണ്. ഫണ്ട് അനുവദിക്കുന്നത് രണ്ടുപേർക്കും ഒരുമിച്ചായതിനാൽ ചെലവഴിക്കുന്നതിൽ ബുദ്ധിമുട്ട് അനുഭവിക്കുന്നു. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ ക്കായി അനുവദിച്ച സൗജന്യറേഷൻ ലഭ്യമാക്കുന്നതിന് ഉപയോഗിച്ച നടപടിക്രമങ്ങൾ

അപ്രായോഗികമാണ്. പ്രതിപക്ഷത്തിന്റെ പ്രൊപ്പോസലുകൾകൂടി പരിഗണിച്ചുകൊണ്ട് എല്ലാ ഭാഗത്തുനിന്നു മുള്ള സഹകരണത്തോടുകൂടി മാലിന്യ വിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിന് ഗവൺമെന്റ് മുൻകൈ എടുക്കണം. പ്രതിപക്ഷം അതിൽ സഹകരിക്കാം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ ): സംസ്ഥാനത്ത് കഴിഞ്ഞ കുറേക്കാലമായി ബാധിച്ചുകൊണ്ടി രിക്കുന്ന അത്യന്തം മാരകമായ ജലജന്യവും കൊതുക ജന്യവുമായ രോഗ ങ്ങളെ നേരിടുന്നതിന് ആവശ്യമായ പ്രവർത്തനങ്ങളെക്കുറിച്ച് ആലോചി ക്കുക എന്ന ഉദ്ദേശത്തോടുകൂടിയാണ് ഗവണ്മെന്റ ചർച്ചയ്ക്ക് തയ്യാറായത്. ബഹുമാനപ്പെട്ട അംഗങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ള നല്ല നിർദ്ദേശങ്ങളോടൊപ്പം ആരോഗ്യ വകുപ്പിന് നൽകിയ അഭിനന്ദനങ്ങൾക്കും നന്ദി രേഖപ്പെടുത്തുന്നു. പനി പടർന്ന് പിടിച്ചപ്പോൾ ഡോക്ടർമാരും നഴ്സു മാരും ഉദ്യോഗസ്ഥന്മാരും അക്ഷീണം പ്രവർത്തിക്കുകയുണ്ടായി. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പി.എസ്.സി. മുഖേന 578 ഡോക്ടർമാരെ നിയമിച്ചു. ഇതു സംബന്ധിച്ച് പ്രതിപക്ഷനേതാവ് മുഖ്യമന്ത്രിക്കെഴുതിയ കത്തിലെ കാര്യങ്ങൾ തികച്ചും അടിസ്ഥാനരഹിതമാണ്. 400 ഡോക്ടർമാരെ വാക്ക് ഇൻ ഇന്റർവ്യൂ നടത്തിയും 253 ഡോക്ടർമാരെ കോൺട്രാക്ട് അടിസ്ഥാനത്തിലും നിയമിച്ചിട്ടുണ്ട്. കഴിഞ്ഞ യു.ഡി.എഫ്. ഭരണകാലത്ത് 2002-05 കാലയളവിൽ നൂറ്റി അറുപതോളം ഡോക്ടർമാർക്ക് അവധി അനുവദിച്ചു. കൂടാതെ അവധിയെടുക്കാതെ അൺആതറൈസ്ഡ് ആയി 324 ഡോക്ടർമാർ പോയിട്ടുണ്ട്. സ്പെഷ്യാലിറ്റി കേഡർ, അഡ്മിനിസ്ട്രേറ്റീവ് കേഡർ എന്നിവ നടപ്പിലാക്കാൻ തീരുമാനമെടുത്തു. ഇക്കാര്യത്തിൽ ആശുപത്രി

മെൻഷൻ ചെയ്തു തന്നെ തസ്തികകൾ സൃഷ്ടിക്കാനാണ് സർക്കാർ തീരുമാനിക്കുന്നത്. ജോലിക്ക് ഹാജരാകാതെ അൺആതറൈസ്ഡ് ആയി ആബ്സെന്റ് ആയ ഡോക്ടർമാരുടെ ലിസ്റ്റ് ഉണ്ടാക്കി അവർക്ക് നോട്ടീസ് നൽകിക്കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ ഒരു വർഷം കൊണ്ട് 1961 നഴ്സുമാരെയാണ് പോസ്റ്റ് ചെയ്തത്. എൻ.ആർ.എച്ച്.എം.ൽ 2005-ൽ കേരളത്തിന് 39 കോടി രൂപ ഡി.എച്ച്.എസ്സിന്റെ അക്കൗണ്ടിൽ കിട്ടിയിരുന്നു. 40 കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾക്ക് 20 ലക്ഷം രൂപ വീതം കൊടുക്കാൻ തീരുമാനിക്കുകയും ചെയ്തിരിക്കുന്നു. എന്നാൽ കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് രൂപീകരിച്ച സമിതിയിൽ ഗവൺമെന്റ് ഓഫ് ഇൻഡ്യയുടെ ഗൈഡ്ലൈന് വിരുദ്ധമായി ഡിസ്ട്രിക്റ്റ് പഞ്ചായത്ത് പ്രസിഡന്റിനെ ചെയർമാനാക്കുന്നതിനുപകരം ജില്ലാ കളക്ടറെ ചെയർമാനായി നിശ്ചയിച്ച് ഉത്തരവ് ഇറക്കി. ആ ഉത്തരവ് ഈ ഗവൺമെന്റ് റദ്ദാക്കുകയാണുണ്ടായത്. അതോടൊപ്പം തദ്ദേശഭരണ സ്ഥാപനത്തിലെ പ്രസിഡന്റിനെ ചെയർമാനായും ആശുപത്രി സൂപ്രണ്ടിനെ കൺവീനറായും നിയമിച്ച് അവരുടെ ജോയിന്റ് അക്കൗണ്ടിൽ ഈ പണം നിക്ഷേപിച്ച് പി.എച്ച്.സി.ക്ക് 75000 രൂപ വീതവും സി.എച്ച്.സി.ക്ക് 10 ലക്ഷം രൂപ വീതവും സബ് സെന്ററിന് 10000 രൂപ വീതവും കൊടുത്തു. ഫെബ്രുവരി മാസത്തിൽ അങ്ങനെ ലഭിച്ച ഫണ്ടിലെ 40 ശതമാനത്തിലധികം ഇതിനോടകം ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. യു.ഡി.എഫ്. ഭരണകാലത്ത് ആരോഗ്യവകുപ്പിൽ 382 തസ്തികകൾ വെട്ടിക്കുറച്ച സ്ഥാനത്ത് ഈ ഗവൺമെന്റ് 163 പുതിയ തസ്തികകൾ സൃഷ്ടിച്ചു. രോഗ പ്രതിരോധപ്രവർത്തനങ്ങൾക്ക് കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിച്ച സഹായത്തെ നന്ദിപൂർവം സ്മരിക്കുന്നു. തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക്

ഫോഗിംഗ് മെഷീൻ വാങ്ങാനുള്ള തുക ബന്ധപ്പെട്ട വകുപ്പ് സാംഗ്ഷൻ നൽകിയിട്ടുണ്ട്. നാലേമുക്കാൽ കോടി രൂപ ഇതിനുവേണ്ടി ഗവൺമെന്റ് അനുവദിച്ചിട്ടുണ്ട്. ആശുപത്രികളില മരുന്നില്ലാത്ത അവസ്ഥ ഇന്നില്ല. ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും മാലിന്യ നിർമ്മാർജ്ജനത്തിനാവശ്യമായ പദ്ധതികൾ അടുത്ത പ്ളാൻ വിഹിതത്തിൽ വയ്ക്കണമെന്ന് തദ്ദേശഭരണ വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ട്. മാലിന്യ നിർമ്മാർജ്ജനത്തിന്റെ കാര്യത്തിൽ സർവ്വകക്ഷിയോഗത്തിൽ വച്ച് പ്രതിപക്ഷ നേതാവ് നൽകിയ നിർദ്ദേശത്തെ സ്വാഗതം ചെയ്യുകയാണ്. സംസ്ഥാനത്ത് മാലിന്യ നിർമ്മാർജ്ജനം സുസംഘടിതമായിത്തന്നെ നടത്താം. മാരക കീടനാശിനികൾ തളിക്കുന്നത് അടിയന്തിരമായി നിർത്തേണ്ടതുണ്ട്. ആശുപത്രികളിൽ പ്ളാസ്റ്റിക്ക് ഉപയോഗിക്കുന്നത് നിരോധിക്കുന്നതാണ്. ഇക്കാര്യത്തിൽ സാധ്യമായ എല്ലാ നടപടിയും ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

**ചട്ടം 275 അനുസരിച്ചുള്ള ഉപക്ഷേപം**

ശ്രീ. കെ.സി. ജോസഫ്: ‘ആരോഗ്യ രംഗത്ത് പ്രധാനമായ നേട്ടങ്ങൾ കൈവരിച്ച കേരളത്തിൽ തുടർച്ചയായി പകർച്ചപ്പനിയും ചിക്കുൻഗുനിയ തുടങ്ങിയ മാരക രോഗങ്ങളും ഉണ്ടാകുന്നത് കണക്കിലെടുത്ത് രോഗപ്രതിരോധത്തിനും നിർമ്മാർജ്ജനത്തിനും സമഗ്രമായ നടപടികൾ സമയബന്ധിതമായി സ്വീകരിക്കണമെന്നും നാഷണൽ റൂറൽ ഹെൽത്ത് മിഷൻ പദ്ധതി ഫലപ്രദമായി നടപ്പിലാക്കണമെന്നും മാലിന്യ നിർമ്മാർജ്ജനത്തിനും പരിസര ശുചീകരണത്തിനും ത്രിതല പഞ്ചായത്തുകളുടെ പദ്ധതിയിൽ മുൻഗണന നൽകുവാൻ നടപടികൾ

സ്വീകരിക്കണമെന്നും ഈ സഭ ഗവൺമെന്റിനോടഭ്യർത്ഥിക്കുന്നു.'' എന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): 'കേരളത്തിൽ തുടർച്ചയായും വ്യാപകമായും ഉണ്ടായിക്കൊണ്ടിരിക്കുന്ന ഡെങ്കിപ്പനി, മലേറിയ, എലിപ്പനി, ചിക്കുൻ ഗുനിയ തുടങ്ങിയ മാരക പകർച്ചവ്യാധികളിൽനിന്നും നമ്മുടെ സംസ്ഥാനത്തെ ജനങ്ങളെ രക്ഷിക്കുന്നതിനുവേണ്ടി ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്ന ശ്രമങ്ങൾ വിജയിപ്പിക്കുന്നതിനും ''മാലിന്യമുക്തവും കൊതുക് വിമുക്തവുമായ കേരളം'' എന്ന ലക്ഷ്യം നേടിയെടുക്കുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതിയിൽ മുൻഗണന നൽകണമെന്നും ഇതിലേയ്ക്കായി മുഴുവൻ ബഹുജനങ്ങളും സജീവമായി രംഗത്തിറങ്ങണമെന്നും ഈ സഭ അഭ്യർത്ഥിക്കുന്നു. ഈ ലക്ഷ്യം നേടിയെടുക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് നൽകിവരുന്ന സഹായങ്ങളെ നന്ദിപൂർവ്വം സ്മരിക്കുന്നതോടൊപ്പം തുടർന്നും സാമ്പത്തികവും മറ്റു വിധത്തിലുള്ളതുമായ സഹായങ്ങൾ നൽകി ഈ ഉദ്യമം വിജയിപ്പിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ഈ സഭ ഐകകണ്ഠ്യേന അഭ്യർത്ഥിക്കുകയും ചെയ്യുന്നു.' എന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ശ്രീ. കെ.സി. ജോസഫ് അവതരിപ്പിച്ച ഉപക്ഷേപം സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി അവതരിപ്പിച്ച ഉപക്ഷേപം സഭ ഐകകണ്ഠ്യേന അംഗീകരിച്ചു.

<u>മി. സ്പീക്കർ:</u> സാധാരണയായി ഡിമാന്റ് ഡിസ്ക്കഷന്റെ സമയത്ത് മറ്റു വിഷയങ്ങൾ ചർച്ച ചെയ്യാറില്ലെങ്കിലും ഈ സെഷനിൽ ഇത് രണ്ടാമതായിട്ടാണ് ഇത്തരം ഒരു പ്രധാനപ്പെട്ട വിഷയം ഭരണപക്ഷ-പ്രതിപക്ഷ കൂട്ടായ്മയിൽ അവതരിപ്പിക്കപ്പെടുന്നത്. കേരളം നേരിടുന്ന പ്രതിസന്ധിയെ എങ്ങനെ നേരിടാം എന്നതിനെക്കുറിച്ച് ശ്രീ. കെ.സി.ജോസഫ് അവതരിപ്പിച്ച പ്രമേയവും തുടർന്ന് പല അംഗങ്ങളും ചർച്ചയിൽ പങ്കെടുക്കുകയും ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി അതിനു മറുപടി പറയുകയും ചെയ്തത് നല്ല പ്രവണതയെയാണ് കാണിക്കുന്നത്. ഈ ചർച്ചയിൽ പങ്കെടുത്ത എല്ലാവരേയും അഭിനന്ദിക്കുന്നു.

സഭ വൈകുന്നേരം 6.31-ന് പിരിഞ്ഞു.